(തിജാനിയ്യഃ ത്വരീഖത്തിലെ)

ഖസ്ദുസ്സബീൽ

# മാർഗ്ഗപ്രാപ്തി

അല്ലാമഃ സയ്യിദീ മുഹമ്മദ് ഹാഫിള് തിജാനി(റ)



TIJANIYA.IN

| | | |
|---|---|---|
| **ഗ്രന്ഥം** | : | (തിജാനിയ്യഃ ത്വരീഖത്തിലെ) മാർഗ്ഗപ്രാപ്തി |
| **പ്രസാധനം** | : | www.tijaniya.in |
| **ഇ - മെയിൽ** | : | tijaniservant@gmail.com |
| **ഫോൺ** | : | 9895448771 |
| **വിലാസം** | : | മുഹമ്മദ് അബ്ദുൽ അലീം<br>റഷീദ് മൻസിൽ<br>വഴിമുക്ക്<br>ബാലരാമപുരം (പി.ഒ)<br>തിരുവനന്തപുരം |

# പ്രസാധകക്കുറിപ്പ്

بسم الله الرحمن الرحيم الحمد لله رب العالمين اللهم صل على سيدنا محمد الفاتح لما اغلق
والخاتم لما سبق ناصر الحق بالحق والهادى الى صراطك المستقيم وعلى آله حق قدره و مقداره العظــــــم

പരിശുദ്ധ തിജാനിയ്യയുടെ കേരളീയ മുഖദ്ദമീങ്ങളിൽ ഒരാളായ സയ്യിദീ ഹാഫിലു് ഇഹ്സാൻ തായിനേരി എന്നവരുടെ ആഗ്രഹ സാക്ഷാത്കാരമാണ് WWW.TIJANIYA.IN എന്ന പരിശുദ്ധ തിജാനിയ്യയുടെ ആധികാരികമായ മലയാള വെബ്സൈറ്റ് പ്രസാധനം ചെയ്ത നിങ്ങളുടെ കൈകളിലിരിക്കുന്ന ഈ കൃതി. മലയാളികളായ നമുക്ക്, ആധികാരികമായി തിജാനിയ്യയെ പരിചയപ്പെടാനും അതിന്റെ നിയമങ്ങളെയും നിബന്ധനകളെയും ഔറാദുകളെയും സംബന്ധിച്ച് സമാന്യമായി മനസ്സിലാക്കാനും സഹായകമാകുന്ന ഒരു പുസ്തകം പോലും ലഭ്യമാകാത്ത ഒരു അവസ്ഥയായിരുന്നല്ലോ ഉണ്ടായിരുന്നത്. ഇത്തരമൊരു ചുറ്റുപാടിനെ നീക്കാനും എത്രയും വേഗം മികച്ച കൃതികളെ സൃഷ്ടിച്ചെടുക്കാനും വേണ്ടത് ചെയ്യണമെന്ന് എന്റെ മാന്യസുഹൃത്ത് ആവശ്യപ്പെട്ടപ്പോഴാണ് ഇതിന്റെ പ്രാധാന്യത്തിലേക്ക് ഈ ലേഖകന് ബോധമുണ്ടാകുന്നത്. തുടർന്ന് ലക്ഷ്യം നിറവേറ്റുന്നതിലേക്കുള്ള അന്വേഷണമായിരുന്നു. സ്വന്തമായി ഒരു പുസ്തകത്തെ തട്ടിക്കൂട്ടുന്നതിനെക്കാൾ മഹത്തുക്കളുടെ വാചകങ്ങളെ മലയാളീകരിക്കലാണ് ഏറ്റവും മഹത്വമെന്ന് മനസ്സിലാക്കിയ സന്ദർഭത്തിൽ തന്നെ ആയിരക്കണക്കോളം വരുന്ന തിജാനിയ്യഃ കൃതികളിൽ നിന്ന് ഓടിയെത്തിയത് ഈ അനുഗ്രഹീതകൃതിയായിരുന്നു. കാരണം ശാഫിഈ മദ്ഹബുകാരായ നമ്മെ സംബന്ധിച്ചിടത്തോളം ഇതാണ് കൂടുതൽ അനുയോജ്യമെന്ന് തോന്നി. പിന്നെ താമസിച്ചില്ല ലക്ഷ്യ പ്രാപ്തിയിലേക്കുള്ള പ്രയാണം തുടങ്ങി. അങ്ങനെ അവസാനം അല്ലാഹ്(സു) അത് നിങ്ങളുടെ കരങ്ങളിലെത്തിക്കുകയും ചെയ്തു. അൽഹംദുലില്ലാഹ്.

കേരളീയ മുസ്ലിം ജനസമൂഹത്തിന് ചിരപരിചിതനായ ശൈഖ് ഷരീഫ് മുഹമ്മദ് അലവി മാലികി(റ) അടങ്ങുന്ന അറേബ്യൻ പണ്ഡിതരുടെയും അഹ്ലുസ്സുന്നത്തിനായി ജീവിതം സമർപ്പിക്കുന്ന ഇന്നത്തെ മഹാരഥന്മാരായ അനവധി ഉലമാക്കളുടെയും ഗുരുവര്യരാണ് മൂലകൃതിയുടെ രചയിതാവായ ശൈഖുൽ മുഹദ്ദിസ് അല്ലാമഃ ഷരീഫ് സയ്യിദീ മുഹമ്മദ് ഹാഫിലു് തിജാനി അൽ മിസ്വ്‌രി(റ). ഈജിപ്തിലെ ഹദീസ് പണ്ഡിതനായി അറിയപ്പെട്ട ഈ പുണ്യാത്മാവ് നിരവധി ഗ്രന്ഥങ്ങളുടെ ഉടമ കൂടിയാണ്. സ്വന്തമായി ഒരു സ്വൂഫീ മാസിക പുറത്തിക്കിയിരുന്ന ശൈഖവർകൾ ആഗോളതലത്തിലുള്ള പുത്തൻവാദികൾക്കെതിരെ ശക്തമായി ജിഹ്വയും തൂലികയും ചലിപ്പിച്ചവരായിരുന്നു. പരിശുദ്ധ തിജാനിയ്യയെയും അഹ്ലുസ്സുന്നത്തിന്റെ വാദഗതികളെയും ലളിതമായ രീതിയിൽ സമർത്ഥിക്കാനുള്ള ഒരു പ്രത്യക കഴിവ് തന്നെ മഹാത്മാവിനുണ്ട്. അത്തരമൊരു കൃതിയുടെ വിവർത്തനമാണ് നിങ്ങളുടെ കൈകളിലുള്ളത്. വളരെ ചുരുങ്ങിയ പുറങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളതെങ്കിലും നിരവധി വിഷയങ്ങൾ ഇതിലൊളിഞ്ഞ് കിടപ്പുണ്ട്. തിജാനിയ്യത്തിന്റെ പല വെബ്സൈറ്റുകളും ഈ ഗ്രന്ഥത്തെയാണ് തങ്ങളുടെ ലക്ഷ്യസാക്ഷാത്കാരത്തിനായി പ്രയോജനപ്പെടുത്തുന്നത്. ആയതിനാൽ വളരെ ശ്രദ്ധാപൂർവ്വം വായനക്ക് വിധേയമാക്കണമെന്ന് അഭ്യർത്ഥിക്കട്ടെ.

ഈ മഹത്തായ കൃതി പൂർണ്ണമാകുന്നതറിഞ്ഞപ്പോൾ വളരെ സന്തോഷത്തോടെ ഞങ്ങളെ ആശീർവദിക്കുകയും ദുആ ചെയ്യുകയും ചെയ്ത പരിശുദ്ധ തിജാനിയ്യയുടെ ജീവിച്ചിരിക്കുന്ന ആയിരക്കണക്കിന് പണ്ഡിതാശ്രയങ്ങളിൽ ഒരാളും സുകൈറിജി ഖജാനകളുടെ അവകാശിയുമായ സയ്യിദീ ഷരീഫ് അല്ലാമഃ മുഹമ്മദ് റാദി കന്നൂൻ അൽ ഇദ്‌രീസി അൽ ഹസനി(റ)വിനെ ഇവിടെ പ്രത്യകം സ്മരിക്കട്ടെ. ഉദാസീനതയുടെ പിടിയിൽ നിന്ന് ഞങ്ങളെ രക്ഷിച്ച് ഈ മഹത്തായ മാർഗ്ഗത്തിന്റെ സേവകരാക്കിയതും ആ മഹാനുഭാവൻ തന്നെ. ഈ ഗ്രന്ഥം പുറത്തിറക്കുന്നതിന് പിന്നിൽ പരിഭാഷകന് തുല്യമായ മറ്റൊരു കരം കൂടിയുണ്ടെന്നത് പറയാതെ വയ്യ. തന്റെ പേര് വെളിപ്പെടുത്തരുതെന്ന ശക്തമായ താക്കീതുള്ളതിനാലാണ് അദ്ദേഹത്തിന്റെ പേരിവിടെ പരാമർശിക്കാത്തത്. അതോടൊപ്പം നിരവധി സഹോദരങ്ങളുടെ മാനസികപിന്തുണയും പ്രത്യകം എടുത്തുപറയേണ്ടതുണ്ട്.

സഹോദരങ്ങളേ... പരമാവധി മൂലഗ്രന്ഥത്തോട് നീതി പുലർത്താനുള്ള ശ്രമം നടത്തിയതിനാൽ വായനാസുഖത്തെയും ആസ്വാദനത്തെയും പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല. അത് ഞങ്ങളുടെ ലക്ഷ്യവുമല്ല. ആവർത്തിച്ചുള്ള ശ്രദ്ധാപൂർവ്വമായ വായനയിലൂടെയല്ലാതെ വസ്തുതകളെ ഗ്രഹിക്കാൻ സാധിക്കില്ല എന്ന കാര്യം മറക്കരുത്. അപ്രകാരം തന്നെ ന്യൂനതകളെ തൊട്ട് സ്വതന്ത്രമാണ് ഈ കൃതിയെന്ന് പറയുന്നതിനെക്കാൾ ന്യൂനതകൾ സംഭിവിച്ചിട്ടില്ലെങ്കിലേ അത്ഭുതമുള്ളൂ എന്ന് പറയുകയാവും കൂടുതൽ യോജിപ്പ്. കാരണം ബാഹ്യാന്തരിക വിജ്ഞാനങ്ങളുടെ വിഹായസ്സിൽ നീന്തിത്തുടിക്കുന്ന ഒരു മഹാമനീഷിയുടെ ചെയ്തികളെ അങ്ങകലെ നിന്ന് അശ്രദ്ധമായി വീക്ഷിക്കുന്ന ബാലന്റെ അവസ്ഥയാണ് ഇതിന്റെ പരിഭാഷകനുള്ളത്. അതോടൊപ്പം ആയിരക്കണക്കിന് ജ്ഞാനങ്ങളെ ഉൾക്കൊള്ളുന്ന ഈ മഹത്ഗ്രന്ഥത്തിലെ ആശയങ്ങളെ മലയാള ജാലകത്തിലൂടെ നോക്കിക്കാണുകയെന്നത് ശ്രമകരവും അപൂർണ്ണവുമാണ്. അറബിഭാഷയുടെ മഹത്വം നമ്മുടെ ഭാഷയെ സംബന്ധിച്ചിടത്തോളം അത്യുന്നതമാണെന്നത് അവിതർക്കിതമാണല്ലോ. കൂടെ സാങ്കേതികപദങ്ങളുടെ ദൗർലഭ്യത കൂടി പരിഗണിക്കുമ്പോൾ ഈ കൃതിയുടെ ബലഹീനത വ്യക്തമായില്ലെങ്കിലേ അതിശയമുള്ളൂ. അബദ്ധങ്ങളും ന്യൂനതകളും ഇടർച്ചകളും പിഴവുകളുമെല്ലാം സഹോദരബുദ്ധ്യാ ചൂണ്ടിക്കാണിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കട്ടെ. മലയാളികളായ തിജാനികളുടെ ജ്ഞാനദാഹത്തെ ഓർത്ത് മാത്രമാണിതിന് തുനിഞ്ഞിട്ടുള്ളത്. അല്ലാഹു(സു) ഇത് കൊണ്ട് ഉപകാരം നേടിയെടുക്കാൻ നമുക്ക് തൗഫീഖ് നൽകുന്നതോടൊപ്പം ഒരു സദ്പ്രവർത്തനമായി ഇതിനെ സ്വീകരിക്കുമാറാകട്ടെ... ആമീൻ



**മുഹമ്മദ് അബ്ദുൽ അലീം**
(വെബ്സൈറ്റ് നിർമ്മാതാവ്)
tijaniservant@gmail.com

# ഗ്രന്ഥപരിചയം

بســــــــــم الله الرحمن الرحيم الحمد لله رب العالمين والصلاة والسلام على اشرف المرسلين سيدنا محمد و على آله واصحابه الميامين و عنا بهم اجمعين و بعد

**ഖസ്ദുസ്സബീൽ** എന്ന തലക്കെട്ടാണ് ഈ ലഘുഗ്രന്ഥത്തിനായി മൗലാനാ ശൈഖ് മുഹമ്മദ് അൽ ഹാഫിലു് തിജാനി(റ) തെരഞ്ഞെടുത്തിരിക്കുന്നത്.

**അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുക. നിങ്ങൾക്കവൻ പഠിപ്പിച്ച് തരും.**
(സൂറതുൽ.ബഖറഃ - 22)

അല്ലാഹു(സു) ഈ സൂക്തത്തിൽ വ്യക്തമാക്കിയത് പ്രകാരം ദീർഘദൃഷ്ടിയാലുള്ള ഒരു നിർമ്മാണത്തെയാണ് അത്ഭുതകരമായ ഈ തെരഞ്ഞെടുപ്പ് പ്രതിഫലിപ്പിക്കുന്നത്. മുഖ്താറുസ്സിഹാഹ് എന്ന ഗ്രന്ഥം പരിശോധിച്ചപ്പോൾ **ഖസ്ദ്** എന്നാൽ ഒരു വസ്തുവിനെ കൊണ്ടുവരിക അഥവാ അതിന്റെ ഭാഗത്തേക്ക് തിരിയുക എന്നും **സബീൽ** എന്നാൽ മാർഗ്ഗം എന്നുമുള്ള അർത്ഥമാണ് നമുക്ക് ലഭിച്ചത്. അല്ലാഹു(സു) അരുളുന്നു :

**നബിയേ, അവിടുന്ന് പറഞ്ഞാലും ഇതാണ് എന്റെ മാർഗ്ഗം.**
**സുദൃഢബോധ്യത്തോട് കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു ഞാനും എന്നെ പിൻപറ്റിയവരും.**
(സൂറതുൽ.യൂസുഫ് - 108)

ഈ ത്വരീഖതുമായി ബന്ധം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നവർക്കെല്ലാം ഇതിലെ വ്യവസ്ഥകളും മര്യാദകളും പാലിക്കൽ നിർബന്ധമാണ്. മതവിധികളാലുള്ള ശാസനകളുടെ മേൽ ജ്ഞാന-കർമ്മ മേഖലകളിൽ കൃത്യനിഷ്ഠ പുലർത്തലാണ് അവയിലേറ്റവും പ്രബലമായ കാര്യം. കാരണം പരിശുദ്ധ ഖുർആനും തിരുചര്യയുമനുസരിച്ചുള്ള കർമ്മമാണ് ആത്മീയപാതയുടെ തുടക്കവും ഒടുക്കവും. ശൈഖ് സയ്യിദീ അഹ്മദ് തിജാനി(റ) ഇപ്രകാരം പറയുക തന്നെ ചെയ്തിരിക്കുന്നു.

**എന്നെ സംബന്ധിച്ച് വല്ലതും നിങ്ങൾ ശ്രവിക്കുന്ന പക്ഷം മതനിയമങ്ങളുടെ തുലാസിലിട്ട്**
**അവയെ തൂക്കി നോക്കുക. യോജിക്കുകയാണെങ്കിൽ അത് കൊണ്ട് പ്രവർത്തിക്കുക.**
**എതിരാവുകയാണെങ്കിൽ ഉപേക്ഷിക്കുകയും ചെയ്യുക.**

അനന്തരം ഗ്രന്ഥകർത്താവ് വിശദീകരിക്കുന്നത് തിജാനിയ്യഃ ത്വരീഖതിനെ ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന ഒരുവന് ബാധകമാവുന്ന ഈ മഹത്തായ ത്വരീഖത്തിന്റെ നിബന്ധനകളാണ്. അല്ലാഹു(സു)വിനോട് നന്മയെത്തേടുകയും (ഇസ്തിഖാറത് നിസ്കരിക്കുക) മാതാപിതാക്കളിൽ ഇരുവരോടോ/ഒരാളോടോ സമ്മതം ചോദിക്കുകയും ചെയ്തതിനു ശേഷമായിരിക്കണം ഇതിന് തയ്യാറാകേണ്ടത്. കാരണം, ഇത്തരക്കാരൻ അല്ലാഹുവിന്റെ തിരുസന്നിധിയിലേക്കാണ് ഓടിയടുക്കാനായി ലക്ഷ്യമിടുന്നത്. എന്നാൽ അല്ലാഹു(സു)യോടുള്ള സമ്പൂർണ്ണഅടിമത്തത്തോടും തിരുനബി സ്വല്ലല്ലാഹു അലൈഹി വ സല്ലമ തങ്ങൾ പ്രസ്താവിച്ചതനുസരിച്ചുള്ള രക്ഷാകർതൃത്വബാധ്യതകളുടെ നിർവ്വഹണത്തോടുമൊപ്പമേ ഇത് സാധിക്കൂ. പ്രസ്തുത ഹദീസ് ഇതാ :

**നിശ്ചയം, നിന്റെ രക്ഷിതാവിനോട് നിനക്ക് ബാധ്യതയുണ്ട്.**
**നിന്റെ കുടുംബത്തോട് നിനക്ക് ബാധ്യതയുണ്ട്. നിന്റെ ശരീരത്തിനോട് നിനക്ക് ബാധ്യതയുണ്ട്.**
**അതിനാൽ ബാധ്യതപ്പെട്ടവർക്കെല്ലാം അവരുടെ ബാധ്യതകളെ നീ നിറവേറ്റുക.**

ഈ പവിത്രമായ ത്വരീഖത്തിന്റെ നിർബന്ധമായ ഔറാദുകളെയും അദ്കാറുകളെയും മൗലാനാ ഹാഫിലു(റ) വിശദീകരിക്കുന്നുണ്ട്. പ്രഭാതവിർദ്, പ്രദോഷ വിർദ്, വലീഫഃ, ഹൈലലഃ തുടങ്ങിയവയാണവ. ഉദയദിക്ക് മുതൽ അസ്തമാനദിക്ക് വരെയും വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെയും ഭൂമിയിലെ എല്ലായിടത്തും തിജാനി മുരീദുകൾ യാതൊരു മാറ്റത്തിരുത്തലുകളും കൂടാതെ ഈ ഔറാദുകളെ പാരായണം ചെയ്ത് വരുന്നു. അല്ലാഹുവിന് തന്നെയാണ് സർവ്വസ്തുതിയും. തിജാനി മുരീദ് ഇസ്ലാമിക ലോകത്തിലെ ഏതൊരു രാഷ്ട്രത്തിലേക്ക് പോവുകയാണെങ്കിലും ശരി, ഈ പുണ്യമാർഗ്ഗവുമായി ബന്ധിതരായ സഹോദരങ്ങൾ അവടെയെല്ലാം അവന് കണ്ടെത്താനാകും. സ്വന്തം നാട്ടിലെ പാരായണ രീതിയിൽ തന്നെ അവിടങ്ങളിൽ വെച്ചും ജമാഅത്തായി വലീഫഃ അനുഷ്ഠിക്കുവാനും അവന് സാധിക്കുന്നു. ആയതിനാൽ, സർവ്വസ്തോത്രങ്ങളും അല്ലാഹുവിനത്രെ. ഈ ത്വരീഖത്തിനെ ഇതര ആത്മീയസരണികളിൽ നിന്നെല്ലാം വേർതിരിക്കുന്ന സവിശേഷതയാണിത്. അത്യപാരമായ ഈ അനുഗ്രഹം നമ്മുടെ മേൽ സ്ഥിരമായി നിലനിൽക്കാനും മാറ്റത്തിരുത്തലുകളിൽ നിന്ന് സംരക്ഷിക്കപ്പെടാനും അല്ലാഹുവിനോട് നമുക്ക് ദുആ ചെയ്യാം. ഈ വിശിഷ്ട ആത്മീയസരണിയുടെ സന്തതികളെല്ലാവരും തന്നെ മാലികി-ശാഫിഈ-ഹനഫി-ഹൻബലി എന്നീ പ്രാമാണികമായ മദ്ഹബുകളിലൊന്നിനെ അനുധാവനം ചെയ്യുന്നവരാണെന്ന് നിങ്ങൾക്ക് കണ്ടെത്താൻ സാധിക്കും. തിജാനികളെ ആരെങ്കിലും മദ്ഹബ് നിരാസം കൊണ്ട് വിമർശിക്കുന്നുവെങ്കിൽ അവരുടെ മേൽ കള്ളക്കഥ കെട്ടിച്ചമച്ചവർ മാത്രമായിരിക്കും പ്രസ്തുത വിമർശകർ. കാരണം, തിജാനികൾ നിലകൊള്ളുന്ന വസ്തുതയുമായി യാതൊരു നിലക്കും യോജിക്കാത്ത ആരോപണമാണിത്. അല്ലാഹുവാണല്ലോ ഏറ്റവും നന്നായി അറിയുന്നവൻ!!!

സയ്യിദീ അഹ്മദ് തിജാനി(റ) ഇപ്രകാരം പ്രസ്താവിക്കുക തന്നെ ചെയ്തിരിക്കുന്നു :

**ദൈവികവിജയത്തിലേക്ക് നയിക്കുന്നവൻ ഈ സന്നിധിയിലേക്ക് ഒരു വിഭാഗം ജനങ്ങളെ നയിക്കും.**
**ദൈവികമാർഗ്ഗത്തിൽ നിന്ന് തിരിച്ചുകളയുന്നവൻ മറ്റൊരു കൂട്ടം ജനങ്ങളെ**
**ഇതിനെത്തൊട്ട് തിരിച്ചുകളയുകയും ചെയ്യും.**

അത്യുന്നതനും സർവ്വശക്തനുമായ അല്ലാഹുവിനോട് ഇഹത്തിലും പരത്തിലും വിജയശ്രീലാളിതരായവരുടെ കൂട്ടത്തിൽ നമ്മെയെല്ലാം ഉൾപ്പെടുത്താൻ ഈയുള്ളവൻ അഭ്യർത്ഥിക്കുകയാണ്. അല്ലാഹുവിന്റെ മേൽ മാത്രമാകുന്നു സത്യസരണിയിലേക്കുള്ള പ്രാപ്തി.



**ശൈഖ് ഷരീഫ് സയ്യിദീ അഹ്മദ്**
**മുഹമ്മദ് ഹാഫിലു് തിജാനി അൽ മിസ്രി(റ)**
**(ഈജിപ്തിലെ തിജാനിയ്യഃ ഖലീഫഃ)**

ഹിജ്റഃ 1428 ജമാദുൽ അവ്വൽ 19
ക്രിസ്താബ്ദം 2007 ജൂൺ 5

(തിജാനിയ്യഃ സരണിയിലെ)

ഖസ്വ്ദുസ്സബീൽ

# മാർഗ്ഗപ്രാപ്തി

അല്ലാമഃ സയ്യിദീ മുഹമ്മദ് ഹാഫിലു് തിജാനി(റ)

# ആമുഖസന്ദേശം

بســـــــــم الله الرحمن الرحيم الحمد لله رب العالمين
اللهم صل على سيدنا محمد الفاتح الخاتم وآله وصحبه وكل مسلم و مسلمة

അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള എന്റെ സഹോദരനായ ശൈഖ് ഷരീഫ് ശാഫിഈ അസ്സഹ്‌വി (അല്ലാഹു ഇവരെ സംരക്ഷിക്കുകയും പരിഗണിക്കുകയും ചെയ്യുമാറാകട്ടെ) അവർകൾ അറിയുന്നതിനായ്... താങ്കളുടെ മേലും നമ്മുടെ എല്ലാ സ്നേഹിതരുടെ മേലും അല്ലാഹുവിന്റെ രക്ഷയും അനുഗ്രഹവും ഐശ്വര്യങ്ങളും വർഷിക്കട്ടെ...

അല്ലയോ എന്റെ ആത്മകുടുംബാംഗങ്ങളേ... എന്റെ ഹൃദയബന്ധുക്കളേ... എന്റെ കുടുംബാംഗങ്ങളുടെ കൂടെ ഞാൻ ജന്മം കൊണ്ട നാട്ടിൽ നിന്നാണ് നിങ്ങളിലേക്ക് ഞാനിത് എഴുതുന്നത്. പരിശുദ്ധവാനായ അല്ലാഹുവിനോട്, ഈ അനുഗ്രഹീതമായ അഹ്‌മദിയ്യഃ തീരത്തുള്ള നമ്മുടെ കൂട്ടായ്മ എന്നെന്നും അവൻ നിലനിർത്താനും, മുദ്രിതവും (ഖത്മിയ്യഃ) ഓശാരതയുടേതുമായ ആത്മീയവൃത്തത്തിലെ ഉന്നത പദവിയിലേക്ക് നമ്മെ എത്തിക്കാനും, അവന്റെ സ്ഥിരമായ തൃപ്തിയിലായി പൂർണ്ണമായ ഉറപ്പിന്റെ മേൽ നമ്മെ മരിപ്പിക്കാനും അവനോട് ഞാൻ യാചിക്കുന്നു.

ഈ സംഗ്രഹഗ്രന്ഥം താങ്കളിലേക്കും താങ്കളൊരുമിച്ച് കൂട്ടിയ നമ്മുടെ സഹോദരങ്ങളിലേക്കുമായി ഞാൻ സമർപ്പിക്കുകയാണ്. നമ്മുടെ ത്വരീഖത്തിലെ കർമ്മശാസ്ത്രത്തിന്റെ പതാകവാഹകരായ സയ്യിദുനാ ശൈഖ് ഷൻഖീതി(റ)വിന്റെ തൃക്കരങ്ങളാൽ വിശിഷ്ടമായ തിജാനിയ്യഃ ദർശനമാണീ ഗ്രന്ഥം. ഈ മേഖലയിലുള്ള മഹാനവർകളുടെ ശ്രേഷ്ടതയെ നീതിനിഷ്ഠ ഉപേക്ഷിച്ചവരല്ലാതെ മറ്റാരും നിഷേധിക്കുകയില്ല. അതോടൊപ്പം ഈ കൃതിയുടെ സ്വീകാര്യതയിൽ പ്രതീക്ഷയർപ്പിച്ച് കൊണ്ട് തിജാനിയ്യഃ ത്വരീഖത്തിലെ മുഴുവൻ നേതാക്കളിലേക്കും ഞാനിത് സമർപ്പിർക്കുന്നുണ്ട്. ഈ പഥിതഹൃദയത്തിത്തോടുള്ള അനുകമ്പയും, നിങ്ങളിൽ നിന്നുള്ള സദ്പ്രാർത്ഥനകളും നിരോധിക്കപ്പെടാത്തവനായേക്കാം ഞാൻ.

നമ്മുടെയും നമ്മുടെ സഹോദരങ്ങളുടെയും വീഴ്ചകൾ വിട്ട്‌വീഴ്ച ചെയ്ത് തരണമെന്നും, തന്റെ പക്കൽ നിന്നുള്ള നന്മകളായി അവയെ പരിവർത്തിപ്പിക്കണമെന്നും, സയ്യിദുനാ മൗലാനാ ഖുത്വുബുൽ.മക്തൂം അഹ്‌മദ് തിജാനി(റ)വിന്റെ വിശിഷ്ടമായ സഹവാസത്തിന്റെ മേലിലും, റസൂലുല്ലാഹി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളുടെ ബന്ധുക്കളോടും, പരിശുദ്ധരും ഇരുഗുണങ്ങളാൽ വിജയിച്ചവരും ഇരുമുദ്രകളിൽ നിന്നും ഇന്ദ്രിയ-അതീന്ദ്രിയമായ അനന്തരവകാശധനത്തെ അനന്തരമെടുത്തവരുമായ അവിടുത്തെ കുടുംബത്തോടുമുള്ള സ് നേഹത്തിന്റെ മേലിലുമായി നമ്മെ ജീവിപ്പിക്കുകയും മരിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യണമെന്നും അല്ലാഹുവിനോട് ഞാൻ കേഴുന്നു.

നമ്മുടെ നേതാവായ മുഹമ്മദ് നബി സ്വല്ലല്ലാഹു അലൈഹി വസല്ലമയുടെ മേലും അവിടുത്ത സഹകളത്രാദികളുടെ മേലും അല്ലാഹുവിന്റെ അനുഗ്രഹമുണ്ടാകട്ടെ... ഖുത്വുബുൽ മക്തൂമിനെ തൊട്ടും മഹാനവർകളുടെ കുടുംബത്തിനെ തൊട്ടും അവിടുത്തെ അനുചരരെ തൊട്ടും മുഴുവൻ സത്യവിശ്വാസി-വിശ്വാസിനികളെ തൊട്ടും അല്ലാഹു തൃപ്തിയടയട്ടെ... ആമീൻ.

ആദ്യമായും അവസാനമായും

السلام عليكم و رحمة الله وبركاته



**അൽ.ആരിഫുബില്ലാഹ്**
**ശൈഖുൽ മുഹദ്ദിസ് സയ്യിദീ ഷരീഫ്**
**മുഹമ്മദ് ഹാഫില്വ് തിജാനി അൽ മിസ്രി(റ)**

(കഫർ ഖൂറസ്, മർകസ് ഉഷ്മൂൻ, മനൂഫിയഃ)

ഹിജ്റഃ 1348 ദുൽ.ഹിജ്ജഃ 1

بســـــــــــــــــــــــــــــــــــــــــــــــــــم الله الرحمن الرحيم
الحمد لله والصلاة والسلام على رسول الله صفوته من خلقه وعلى آله ومن والاه

## ത്വരീഖത്തുകളുടെ ആദ്യാവസാനം
## പരിശുദ്ധഗ്രന്ഥ-തിരുചര്യാനുസാരകർമ്മം

തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളുടെ, അബൂദാവൂദും തുർമുദിയും നിവേദനം ചെയ്ത തിരുവചനം കൊണ്ട് തന്നെ പ്രസ്താവനക്ക് നാം തുടക്കമിടട്ടെ. അവിടുന്ന് അരുളുന്നു :

**ജ്ഞാനികൾ പ്രവാചകന്മാരുടെ അനന്തരാവകാശികളാകുന്നു. നിശ്ചയം, പ്രവാചകന്മാർ സ്വർണ്ണനാണയങ്ങളോ വെള്ളിനാണയങ്ങളോ അനന്തരാവകാശമായി നൽകിയിട്ടില്ല. മറിച്ച്, ജ്ഞാനത്തെയാണ് അവർ അനന്തരമായി നൽകുന്നത്. അതിനാൽ ഏതൊരുവൻ ആ ജ്ഞാനത്തെ സമ്പാദിച്ചുവോ അവൻ വമ്പിച്ച് ഓഹരിയെ മുറുകെപ്പിടിച്ചു.**

അന്ധകാരത്തിന്റെ ആവരണത്തിൽ നിന്നും ആത്മാവിനെ മോചിപ്പിക്കുന്നതും ഭൗതികതയുടെ മ്ലേച്ഛതകളെ തൊട്ട് ദേഹിയെ ശുദ്ധീകരിക്കുന്നതുമായ ജ്ഞാനം പ്രവാചകന്മാർ അനന്തരമായി നൽകിയവയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന കാര്യത്തിൽ തീരെത്തന്നെ സംശയമില്ല. ഇത്തരം ജ്ഞാനങ്ങൾ, അതീന്ദ്രിയലോകത്തേക്കും ഇച്ഛാനാശത്തിലേക്കും ആത്മാവിനെ വഴിതെളിക്കുന്നതും കൂടിയാണ്. എത്രത്തോളമെന്നാൽ ഭൗതികതക്കോ മറ്റോ യാതൊരു നിലക്കും സ്വാധീനം ചെലുത്താനാകാത്ത ഒരു അവസ്ഥയിലേക്ക് തന്മൂലം ആത്മാവ് എത്തിപ്പെടും. പ്രത്യുത, അതിന്റെ പരിശുദ്ധി ദൃഢമായി ഉറക്കുകയും അങ്ങനെ അത് ആകർഷകമായിത്തീരുകയും ചെയ്യുന്നു. അതിന്റെ രഹസ്യങ്ങൾ അചേതന വസ്തുക്കളിലേക്കെങ്ങാനും പ്രസരിക്കുന്ന പക്ഷം അതവയെ ജീവസ്സുറ്റതാക്കിത്തീർക്കും. പരമസത്യവാൻ തന്റെ തേജസ്സിനാൽ അതിനെ പോഷിപ്പിക്കുക കൂടി ചെയ്യുമ്പോൾ അതിന്റെ സൂക്ഷ്മദൃഷ്ടി കൂർത്തുമൂർത്തതായിത്തീരും. തൽഫലമായി പരമസത്യവാനാൽ ശക്തിപ്പെട്ടതായ നിലയിൽ പ്രസ്തുത ആത്മാവ് ദർശിക്കുകയും ശ്രവിക്കുകയും അടങ്ങുകയും അനങ്ങുകയും അറിയുകയും സ്വീകരിക്കുകയും ഉപേക്ഷിക്കുകയും ചെയ്യും. അല്ലാഹു(സു) യാണ് അതിനെ തെരഞ്ഞെടുത്തത്. അതിനാൽ അവനതിനെ സംശുദ്ധീകരിക്കുക തന്നെ ചെയ്തിരിക്കുന്നു. അങ്ങനെ പ്രസ്തുത ആത്മാവ് പരമകാരുണികനോടൊപ്പം സ്നേഹബന്ധത്തിലായിത്തീരുന്നു. അത് വിശിഷ്ടമായ സ്നേഹവും ഉത്കൃഷ്ടമായ സാമീപ്യവുമത്രെ. ഇത്തരം ഉന്നതമായ ആത്മാവിനുടമകളാണ് പ്രവാചകാനന്തരാവകാശികളായ ആത്മീയപണ്ഡിതന്മാർ. അല്ലാഹു(സു) രോഗത്തെയും പ്രതിവിധിയെയും സംബന്ധിച്ച് വ്യക്തമായി അവർക്ക് അറിയിച്ച് കൊടുത്തിരിക്കുന്നു. അവരാണ് ഹൃദയങ്ങളുടെ ചികിത്സകരും ആത്മാക്കളുടെ പരിചാരകരും.

അത്യുന്നതനായ അല്ലാഹു മുഹമ്മദിയ്യ സമുദായത്തിന്റെ മേൽ കനിഞ്ഞ അനുഗ്രഹത്തിൽ പെട്ടതാണ് പ്രസ്തുത മഹാത്മാക്കളെ തൊട്ട് കാലം ഒഴിഞ്ഞിരിക്കുകയില്ല എന്നത്. തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളെ തൊട്ട് ഇപ്രകാരം സ്ഥിരപ്പെട്ടിരിക്കുന്നു :

**എന്റെ സമുദായത്തിൽ നിന്ന് ഒരു വിഭാഗം അന്ത്യദിനം സമാഗതമാകുന്നത് വരേക്കും സത്യത്തിന്റെ മേൽ നിലയുറപ്പിക്കുന്നത് തുടർന്ന് കൊണ്ടേയിരിക്കും.**

കൂടാതെ നമ്മുടെ ദേഹികളെ സംസ്കരിച്ചെടുക്കാനും സ്ഫുടം ചെയ്യാനും പരിശീലിപ്പിക്കാനും നമ്മോട് അല്ലാഹു(സു) കൽപിക്കുകകയും ചെയ്തിട്ടുണ്ട്. അത്യുന്നതവാനായ അവൻ അരുളുന്നു :

**ആത്മാക്കളും അവയെ അന്യൂനമായി ശരിപ്പെടുത്തിയവനും തന്നെയാണെ സത്യം.**
**അവയുടെ തിന്മയും നന്മയും അവക്ക് അവൻ തോന്നിച്ച് കൊടുക്കുകയും ചെയ്തിരിക്കുന്നു.**
**നിശ്ചയമായും ആത്മാവിനെ സംശുദ്ധമാക്കിയവൻ വിജയിച്ചു.**
**അതിനെ കളങ്കപ്പെടുത്തിയവൻ നിശ്ചയമായും പരാജയപ്പെടുകയും ചെയ്തു**
(സൂറത്തുശ്ശംസ് - 7,8,9,10)

ഉത്തമസഹവാസിലേക്ക് നമ്മെ മുത്തുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങൾ പ്രേരിപ്പിച്ചിട്ടുണ്ട്. ആത്മസംസ്കരണത്തിലെ സുന്ദരമായ പ്രതിഫലനം അതിൽ ഉൾക്കൊള്ളുന്നു എന്നതാണ് ഇതിന് നിദാനം. നൂറ് വ്യക്തിത്വങ്ങളെ കൊലപ്പെടുത്തിയ പശ്ചാത്താപിയുടെ സംഭവം അവിടുന്ന് നമ്മോട് ഉദ്ധരിക്കുകയുമുണ്ടായി. അങ്ങനെ ആ മനുഷ്യൻ ഒരു പണ്ഡിതനോട് കൂടിയാലോചന നടത്തുകയായിരുന്നു. പ്രസ്തുത പണ്ഡിതൻ, ഇന്നാലിന്ന പ്രദേശത്ത് നീ എത്തിപ്പെട്ടന്ന പക്ഷം അവിടെ അല്ലാഹുവിനെ ആരാധിക്കുന്ന ഒരു ജനവിഭാഗം ഉണ്ടെന്നും അവരോടൊപ്പം നീയും അവന് ആരാധന നിർവ്വഹിക്കണമെന്നും സ്വന്തം നാട്ടിലേക്കിനി മടങ്ങരുതെന്നും അവിടം ചീത്തസ്ഥലമാണെന്നും അയാളോട് നിർദ്ദേശിച്ചു. അങ്ങനെ ആ പശ്ചാത്താപി പുറപ്പെടുകയും വഴിയുടെ മധ്യത്തിലെത്തിയപ്പോഴേക്കും മരണം അവനെ പിടികൂടുകയും ചെയ്തു. അനന്തരം അവന്റെ കാര്യത്തിൽ കാരുണ്യത്തിന്റെ മലക്കുകയും ശിക്ഷയുടെ മലക്കുകയും വാക്കുതർക്കത്തിലേർപ്പെട്ടു. അങ്ങനെ കാരുണ്യത്തിലേക്കായിരുന്നു അയാളുടെ പര്യവസാനം ചെന്നെത്തിയത്. ഇത് നിവേദനം ചെയ്തിരിക്കുന്നത് ബുഖാരിയും മുസ്ലിമുമാണ്.

തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ പ്രസ്താവിച്ചു :

**സച്ചരിതനായ സഹവാസിയുടെയും ദുഷിച്ചവനായ സഹവാസിയുടെയും ഉപമ**
**സുഗന്ധവാഹകനെയും ആലയിലൂതുന്നവനെയും പോലെയാണ്. അപ്പോൾ സുഗന്ധവാഹകനാകട്ടെ,**
**ഒന്നുകിൽ അവൻ നിനക്ക് സുഗന്ധം നൽകുന്നതാണ്. അല്ലെങ്കിൽ അവനിൽ നിന്നും സുഗന്ധത്തെ നീ വാങ്ങും.**
**അതുമല്ലെങ്കിൽ സുഗന്ധമാരുതനെയെങ്കിലും അവനിൽ നിന്നും നീ എത്തിക്കുന്നതാണ്.**
**എന്നാൽ ആലിയിലൂതുന്നവൻ ഒന്നുകിൽ നിന്റെ വസ്ത്രത്തെ അവൻ കരിച്ചുകളയുകയും.**
**അല്ലെങ്കിൽ ദുർഗ്ഗന്ധമായിരിക്കും അവനിൽ നിന്നും നിനക്ക് വഹിക്കേണ്ടി വരുക.**

സഹവാസത്തിന് പല പദവികളുമുണ്ട്. അവയിലേറ്റവും ഉത്കൃഷ്ടമായത് ആത്മാവ് ആത്മാവിനോടൊപ്പമുള്ള സഹവാസമാണ്. പരിശുദ്ധതയുടെയും തെളിമയുടെയും ലോകത്ത് അവ രണ്ടും കൂടിക്കലരുന്നു. അല്ലാഹുവിന്റെ മേലാണ് അവരിരുവരും സംഗമിക്കുന്നത്. അല്ലാഹുവിന്റെ സംതൃപ്തിയിൽ അവന്റെ മാർഗ്ഗത്തിലും അവന്റെ അനുസരണയിലുമായി അവ പരസ്പരം സ്നേഹിക്കുന്നു. ഇത് തന്നെയാണ് മുഹമ്മദിയ്യഃ ചര്യകളുടെ ആത്മാവ്. അല്ലാഹു(സു)യുടെ വക്താക്കളായ ആത്മജ്ഞാനികൾ ഏകോപിച്ച അല്ലാഹുവിലേക്കുള്ള പാന്ഥാവാണിത്. ഔലിയാക്കളുടെ പാതയും ഇത് തന്നെയാണ്. ഇതാണവരെയെല്ലാം കൂട്ടിച്ചേർക്കുന്നതും. തങ്ങളുടെ യാത്ര വ്യത്യസ്ഥ നിലയിലാണെങ്കിലും അവരിൽ നിന്നുള്ള ഒരാൾ പോലും ഈ പാതയെ തൊട്ട് പുറത്ത്കടന്നിട്ടില്ല. ആയതിനാൽ അവരിൽ ചിലർ ശീഘ്രഗതിക്കാരാണ്. മന്ദഗതിക്കാരും അവരുടെ കൂട്ടത്തിലുണ്ട്. ചിലരുടെ മേൽ മികച്ച് നിൽക്കുന്നത് സൗന്ദര്യമായിരിക്കും. ചിലരുടെ മേലാകട്ടെ മഹത്വമായിരിക്കും കൂടുതൽ നിഴലിക്കുക. ഇതരഗുണങ്ങളെ ഒരുമിച്ചുകൂട്ടിയവരും അവരുടെ കൂട്ടത്തിലുണ്ട്. ഇവയെല്ലാം തന്നെ ഒരൊറ്റ അടിസ്ഥാനത്തിലേക്കാണ് മടങ്ങുന്നത്. പ്രസ്തുത അടിസ്ഥാനമാകട്ടെ, അല്ലാഹുവിനെ തേടലും അവനല്ലാത്ത മറ്റെല്ലാത്തിനെയും തൊട്ട് അവനിലേക്ക് ഓടിയൊളിക്കലും അത്യുന്നതവാനും അനുഗ്രഹത്തിനുടമയുമായ അവനോടുള്ള അടിമത്തത്തിന്റെ പൂർത്തീകരണവും പരിപാലകനോടുള്ള ബാദ്ധ്യതാ നിർവ്വഹണവുമൊക്കെയാണ്. ഇത് തന്നെയാണ് അല്ലാഹുവിലേക്കുള്ള യാത്രയുടെ കാര്യത്തിൽ മുഴുവൻ ആത്മീയസരണികളുടെയും ആകെത്തുക. തിജാനിയ്യഃ ത്വരീഖതും അതിൽ പെട്ടത് തന്നെയാണ്. ഏതൊരുവൻ പ്രസ്തുത രീതിശാസ്ത്രത്തിന്റെ മേലല്ലാതെയായിത്തീരുന്നുവോ അത്തരക്കാരന്റെ ചേർച്ച നിരർത്ഥകമായ പാന്ഥാവിലേക്കായിരിക്കും.

സ്വന്തം ശരീരത്തോട് കാപട്യം കാണിക്കാതിരിക്കലും, പാപങ്ങളുടെ അന്ധകാരത്തിലേക്കും സത്യത്തെത്തൊട്ടുള്ള വിദൂരതയിലേക്കും വിശേഷജനങ്ങൾ ആസ്വദിക്കുന്ന കാര്യങ്ങളുമായുള്ള ബന്ധവിച്ഛേദനത്തിലേക്കുമെല്ലാം ശരീരത്തെ ഉപേക്ഷിക്കാതിരിക്കലും മനുഷ്യന്റെ മേൽ നിർബന്ധമത്രെ. സത്യസന്ധരും സച്ചരിതരുമായ മഹാത്മാക്കളോടുള്ള സഹവാസത്തിലൂടെ അതിനെ ചികിത്സിക്കേണ്ടതാണ്. സഹവാസത്തിന്റെ കാര്യത്തിൽ ജനങ്ങളിൽ നിന്ന് ഏറ്റവും ബന്ധപ്പെട്ടവർ സത്യത്തിന്റെ വക്താക്കളും പ്രത്യകക്കാരുമായ ആത്മാക്കളുടെ തേരാളികളായ ആ മഹത്തുക്കളാണെന്നതിൽ യാതൊരു സംശയവുമില്ല. ആ മഹാന്മാർ ജ്ഞാനത്തിൽ നിന്നുള്ള പ്രസ്തുത ഇനത്തിനായി തന്റെ തനിച്ച ഔദാര്യത്താൽ അല്ലാഹ ഒരുക്കിക്കൂട്ടിയവരും തെരഞ്ഞെടുക്കപ്പെട്ടവരുമാണ്.

അല്ലാഹുവിന്റെ ഔലിയാക്കളുടെ കാര്യത്തിലും പരിശുദ്ധവാനായ അവൻ ആ മഹത്തുക്കളെ വിശേഷപ്പെടുത്തിയതിലും ജ്ഞാനത്താലും പ്രവർത്തനത്താലുമുള്ള അസാധാരണത്വങ്ങൾ കൊണ്ട് ജീവിതത്തിലും മരണാനന്തരവും അവരെയവൻ ആദരിച്ചതിലുമൊക്കെ അവിശ്വാസിയായി മാറിയ ഒരുവന് പരിശുദ്ധ ഗ്രന്ഥത്തിലേക്കും തിരുചര്യയിലേക്കും പണ്ഡിതന്മാർ ഇവയെ സ്ഥിരപ്പെടുത്തിയിട്ടുള്ള പ്രസ്താവനകളിലേക്കും മടങ്ങൽ അനിവാര്യമാണ്. ഇവയിൽ പെട്ട ധാരാളം കാര്യങ്ങൾ പ്രബലമായ ഹദീസുകളിൽ സ്ഥാനം പിടിച്ചിട്ടുമുണ്ട്.

ഇവ്വിഷയത്തെ അല്ലാഹ അറിയിച്ചുകൊടുത്ത ഒരുവനോട് മാത്രമാണ് ഇവിടെയുള്ള സംബോധന. അത്തരക്കാരൻ ഭൗതികതയുടെ കാരാഗൃഹത്തിൽ നിന്നുള്ള മോചനവും തന്റെ സ്ഥിരതയാർന്ന ഹൃദയസ്ഫടികത്തിന്റെ തെളിമയും അന്തമായ ആത്മാവിന്റെ അനാവരണത്തെയും കാംക്ഷിച്ചവനാണ്. മേൽപ്പറയപ്പെട്ട തേരാളികളിൽ നിന്നും താൻ തെരഞ്ഞെടുക്കുന്ന ഏതൊരു ഭിഷഗ്വരനുമായുള്ള സഹവാസത്തേയും അവന് സത്യസന്ധമാക്കി ഗണിക്കാവുന്നതാണ്. കാരണം അല്ലാഹുവിന്റെ വക്താക്കളുടെ മുഴുവൻ സരണികളും അവന്റെ സന്നിധിയിലേക്ക് എത്തിക്കുന്നത് തന്നെ. മസ്ജിദുൽ ഹറാമിലുള്ള പരശ്ശതം കവാടങ്ങൾ പോലെയാണ് ഇവ്വിഷയത്തിലുള്ള അവരുടെ ഉടമ. ഒരുവൻ ഏത് വാതിലിൽ കൂടി പ്രവേശിച്ചാലും പരിശുദ്ധവാനായ പരമസത്യവാന്റെ സന്നിധാനത്തിലാണ് അവൻ എത്തിച്ചേരുന്നത്. അവരുമായുള്ള സഹവാസത്തിന്റെ മേന്മ പരിചയസമ്പന്നമാക്കപ്പെട്ടത് തന്നെയാണ്. എത്രയെത്ര ദുർമാർഗ്ഗികളായ ദേഹങ്ങളാണ് അത്വഴി സന്മാർഗ്ഗികളും സമാധാനികളുമായത്. എത്രയെത്ര ഇരുളടഞ്ഞ നയനങ്ങളാണ് ഇനിയൊരിക്കലും തമസ്സിനോട് കൂടി ജീവിക്കാനാകാത്ത വിധം അവരുടെ ഔദാര്യത്താൽ പ്രഭയാലുള്ള അഞ്ജനം കൊണ്ട് കണ്ണുകളിൽ സുറുമയണിഞ്ഞത്. അങ്ങനെ അനുയോഗികളും പ്രതിയോഗികളും സാക്ഷ്യപ്പെടുത്തുന്ന അനുഭവങ്ങൾ എത്രയെത്ര...

ഈ ആത്മീയസരണിയിലെ ദിവ്യവെളിപാടുള്ളവരായ അത്യുന്നതമഹത്തുക്കൾ പ്രസ്താവിക്കുന്നു. നിശ്ചയം, സകല ആത്മീയസരണികളിലെയും അത്യുന്നതഘട്ടത്തെ ഉൾക്കൊണ്ടതാണ് ഈ മഹത്തായ ത്വരീഖത്ത്. ആത്മശിക്ഷണത്തിന്റെ മുഴുവൻ സരണികളും ഇതിൽ കടന്നുകൂടുകയും ചെയ്യും. ഏകാന്തവാസം കൂടാതെ ജനസമ്പർക്കത്തിലൂടെ ശിക്ഷണം നടത്തുന്നവരും ഏകാന്തവാസം കൊണ്ട് മാത്രം ശിക്ഷണം നടത്തുന്നവരും ആത്മീയശിക്ഷകരുടെ കൂട്ടത്തിലുണ്ടെന്നത് അല്ലാഹുവിന്റെ വക്താക്കളുടെ പാതകളെ സംബന്ധിച്ച് വ്യക്തമായ ധാരണയുള്ളവരുടെ അടുക്കൽ അറിയപ്പെട്ട വസ്തുതയാണ്. അപ്രകാരം തന്നെ രഹസ്യമായ ദിക്റുകൾ കൊണ്ട് സംസ്കരണം നടത്തുന്നവരും ഉച്ചത്തിലുള്ള ദിക്റുകൾ കൊണ്ട് സംസ്കരണം നടത്തുന്നരും അവരുടെ കൂട്ടത്തിലുണ്ട്. ഇതിനെല്ലാം പുറമെ മനുഷ്യരിൽ ചിലർ തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളുടെ മേലുള്ള സ്വലാതിന്റെ പാതയിലൂടെ ലക്ഷ്യപ്രാപ്തി കരഗതമാക്കുന്നവരാണ്. ഇതേ പ്രകാരം ഒരു നോട്ടം കൊണ്ടോ ഒരു അഭിമുഖം കൊണ്ടോ ഒരു വചനം കൊണ്ടോ ഒരു നാമം കൊണ്ടോ ഒരു ആകർഷണം കൊണ്ടോ ആത്മിയോന്നതി കൈവരിക്കുന്നവരെയും കാണാം. ഇത്തരത്തിൽ അറിയപ്പെട്ട കാര്യങ്ങളിൽ അവസാനം വരെയുള്ളതിൽ നിന്ന് ഏതൊന്ന് കൊണ്ടും ആത്മീയാഭിവൃദ്ധി ചിലപ്പോൾ ഉണ്ടായെന്ന് വരാം. ശൈഖ് അനുവാദം നൽകുന്ന അടിസ്ഥാനപരമായവയിൽ നിന്നുള്ളതോ അല്ലെങ്കിൽ രഹസ്യങ്ങളിൽ നിന്നുള്ളതോ ആയ ഏതൊന്നും ഈ ത്വരീഖത്തിൽ ഏറ്റവും പരിപൂർണ്ണമായ രൂപത്തിലല്ലാതെ ഉണ്ടാവുകയില്ല. ആയതിനാൽ ഈ മഹത്തായ സരണിയിൽ മുഴുവൻ ത്വരീഖത്തുകളുടെയും സവിശേഷതകൾ ഒരുമിച്ച് കൂടുകയും സ്വന്തം അവകാശികൾക്ക് മാത്രമുള്ള പ്രത്യേകതകൾ കൊണ്ട് ഇത് തനിച്ച് നിൽക്കുകയും ചെയ്തിരിക്കുന്നു.

**താൻ ഇച്ഛിക്കുന്നവർക്ക് മാത്രം നൽകുന്ന അല്ലാഹുവിന്റെ ഔദാര്യമത്രെ അത്. അല്ലാഹു അതിമഹത്തായ ഔദാര്യത്തിനുടമയാകുന്നു.**

(സൂറതുൽ.ജുമുഅഃ - 4)

മുരീദ് ഒന്നുകിൽ അനുഗ്രഹകാംക്ഷയുടെ മുരീദ് (തബർറുക്) ആയിരിക്കും. ഇത്തരക്കാരൻ ആത്മശിക്ഷണത്തിന്റെ നിബന്ധനകൾ ബാധകമല്ലാത്തവനാണ്. അല്ലെങ്കിൽ ആത്മശിക്ഷണത്തിന്റെ മുരീദ് (തർബിയഃ) ആയിരിക്കും. ഇത്തരക്കാരന് പ്രസ്തുത നിബന്ധനകളിൽ ബന്ധനസ്ഥനാവൽ അനിവാര്യമാണ്. ഏതൊരു വിഷയത്തിന്റെയും ആവശ്യങ്ങളനുസരിച്ച് കർത്തവ്യനിർവ്വഹണം നടത്തുന്നവനല്ലാതെ പ്രസ്തുത വിഷത്തിൽ പൂർണ്ണത പ്രാപിക്കുകയില്ല എന്നതാണ് വസ്തുത.

ഏതൊരു വിഷയത്തിന്റെയും വക്താക്കളായിരിക്കും പ്രസ്തുത വിഷയത്തിലെ ആധികാരികരേഖ. ഒരു സത്യവാനായ മുരീദ് തന്റെ ശൈഖാണ് ആത്മീയാചാര്യന്മാരിൽ വെച്ച് ഏറ്റവും പരിപൂർണ്ണനെന്നും തന്റെ ത്വരീഖത്താണ് ആത്മീയസരണികളിൽ വെച്ച് ഏറ്റവും ഉന്നതമായതെന്നും വിശ്വസിക്കേണ്ടതാണ് എന്നത് മുഴുവൻ ത്വരീഖത്തുകളിലെയും ആത്മീയശിക്ഷകരായ അത്യുന്നതമഹത്തുക്കളെല്ലാം ഏകോപിച്ച ഒരു കാര്യമാണ്. അങ്ങനെ വരുമ്പോൾ സർവ്വസമ്പന്നമായ ഈ ത്വരീഖതിന്റെ അവസ്ഥ എങ്ങനെയായിരിക്കും! ഇവിടെയുള്ള നമ്മുടെ ചർച്ച തർബിയതിന്റെ മുരീദിന്റെ കാര്യത്തിൽ പ്രത്യേകമായതാണ്. കാരണം അതിന്റെ നിബന്ധനകളുടെ മേലല്ലാതെ ഈ ത്വരീഖത്തിലേക്ക് ആർക്കും പ്രവേശനസമ്മതം നൽകപ്പെടുകയില്ല.

# തിജാനിയ്യ: ത്വരീഖത്തിന്റെ നിബന്ധനകൾ

<u>തിജാനിയ്യ: ത്വരീഖത്തിന്റെ നിബന്ധകൾ അഞ്ച് വിഭാഗമാണ്</u>

1) ശൈഖിനും മുരീദിനും ഇടയിലുണ്ടാകേണ്ട സവിശേഷമായ സഹവാസത്തിന്റെ നിബന്ധനകൾ
2) തൽക്ഷണം തന്നെ പ്രവേശനാനുമതി ഉയർത്തപ്പെടുന്ന കാര്യങ്ങളിലേക്ക് എത്തിപ്പെടുന്നതിനെതിരെ ശീലിക്കേണ്ട നിബന്ധനകൾ
3) ഔറാദുകൾ സാധുവാകാനുള്ള നിബന്ധനകൾ
4) ഉപേക്ഷിക്കുന്നത് മൂലം ഔറാദുകൾ അസാധുവാകുകയില്ലെങ്കിലും അവയുടെ തിരുപ്രഭക്ക് ഇടിവ് സംഭവിക്കുന്ന പ്രബലമായ നിബന്ധനകളും മര്യാദകളും
5) ത്വരീഖത്തിലേക്കുള്ള പ്രവേശനസമ്മതം സാധുവാകാനുള്ള നിബന്ധനകൾ

## ഒന്നാം വിഭാഗം

**ശൈഖിനും മുരീദിനും ഇടയിലുള്ള സവിശേഷമായ സഹവാസത്തിന് ഉണ്ടായിരിക്കേണ്ട നിബന്ധനകളാണ് ഇതിലെ പ്രതിപാദ്യവിഷയം. ഇരുവർക്കുമിടയിലെ ബന്ധം ഈ നിബന്ധനകൾക്ക് അനുസൃതമായിരിക്കും.**

1. ജീവിതത്തിലുടനീളം ഈ ത്വരീഖത് കൊണ്ട് മാത്രം തനിച്ചവനാകൽ : തിജാനിയ്യയോടൊപ്പം മറ്റൊരു ത്വരീഖത്തിനെയോ അവയുടെ ഔറാദുകളെയോ മുരീദ് ഒരുമിച്ച് കൂട്ടരുത്. ത്വരീഖത് സംബന്ധമായ കാര്യങ്ങളെ നിലനിർത്താൻ വേണ്ടി മറ്റുള്ളവയെ അവൻ ഉപേക്ഷിക്കണം. ഒരു കാര്യത്തിലേക്ക് ഒരുവൻ മുറിഞ്ഞ് വീണാൽ അവൻ സത്പ്രവർത്തനം നടത്തി എന്നതിൽ സംശയമേ ഇല്ല.

2. ജീവിച്ചിരിക്കുന്നവരും മരണമടഞ്ഞവരുമായ ഔലിയാക്കളിൽ നിന്നും തന്റെ ശൈഖ് അനുവാദം നൽകിയവരിലേക്ക് മാത്രമാക്കി മുരീദ് സിയാറത്തിനെ പരിമിതപ്പെടുത്തൽ : മറ്റുള്ളവരെ സിയാറത്ത് ചെയ്യുന്നത് ഹറാമാണെന്നോ കറാഹത്താണെന്നോ കരുതാതെയാവണം ഇത്. അതോടൊപ്പം മുഴുവൻ ഔലിയാക്കളെയും സ്നേഹിക്കുകയും മഹത്വപ്പെടുത്തുകയും ആദരിക്കുകയും ചെയ്യണം.

   മുഴുവൻ ത്വരീഖത്തുകളിലെയും ആത്മീയശിക്ഷണത്തിന്റെ അവകാശികളായ അത്യുന്നത മഹത്തുക്കൾ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. സയ്യിദീ മുഹ്‌യിദ്ദീൻ ഇബ്നിൽ അറബിയ്യ്(റ), സയ്യിദീ അലിയ്യുൽ ഖവാസ്വ്(റ), ഇബ്നു ഹജർ അൽ.ഹൈതമി(റ), ശഅ്റാനി(റ), ശൈഖ് സറൂഖ്(റ), ശൈഖ് സമ്‌നൂദി(റ), അദ്ദർദീർ(റ), അശ്ശുറൈശി(റ), ഇബ്നുൽ.ബന്നാ അസ്സർഖുസ്തി(റ), ഇബ്നു അജീബഃ(റ), സയ്യിദീ അബ്ദുൽ അസീസ് അദ്ദബ്ബാഗ്(റ), ശൈഖ് അൽ കിൻതി(റ), ഇമാം അൽ ഫാസി(റ), ശൈഖ് മുഹമ്മദ് ബ്നി അബ്ദില്ലാഹ് അൽ.ഖാനി അൽ.ഖാലിദി അന്നഖ്ഷബന്ദി(റ) തുടങ്ങിയവരും മറ്റ് സർവ്വ ത്വരീഖത്തിൽ നിന്നുള്ളവരും ഇക്കാര്യം സ്പഷ്ടമാക്കിയതാണ്. അത്കൊണ്ട് തന്നെ ആത്മജ്ഞാനികൾക്കിടയിൽ സർവ്വാംഗീകൃതമായ ഒരു വസ്തുതയാണിത്.

   ഈ പരിമിതപ്പെടുത്തൽ ആത്മീയശിക്ഷണത്തിന്റെ വക്താക്കളുടെ മര്യാദകളിൽ പെട്ട ഒരു മര്യാദയല്ലാതെ മറ്റൊന്നുമല്ല. കാരണം, മുരീദിന് ഭാഗിക്കപ്പെട്ട ഉപകാരസ്രോതസ്സുകളുടെ മേൽ അല്ലാഹു(സു) വെളിവാക്കി കൊടുത്ത സത്യസന്ധനായ ഭിഷഗ്വരനാണ് നിശ്ചയമായും ശൈഖ്. അത്കൊണ്ട് തന്നെ മുരീദിന് അല്ലാഹു കണക്കാക്കിയ ഫലങ്ങൾ ഏതൊരാളുടെ കരങ്ങളിലൂടെ ലഭ്യമാകുന്നുവോ അവരെ യഥാർത്ഥമായ ദിവ്യജ്ഞാനത്തിന്റെ പാതയിലൂടെ ശൈഖ് മനസ്സിലാക്കിയിരിക്കും. അത്തരക്കാരെ സന്ദർശിക്കുന്നതിലായിരിക്കും മുരീദിനെ ശൈഖ് വ്യാപൃതനാക്കുക. ഇക്കാര്യം ആത്മജ്ഞാനിയായ ഇമാം ശഅ്റാനി(റ) പ്രസ്താവിച്ചതാണ്. നമ്മുടെ നേതാവായ സയ്യിദീ അഹ്‌മദ് തിജാനി(റ) തന്റെ അനുചരന്മാർക്ക് തിരുനബി സ്വല്ലല്ലാഹു അലൈഹി വ സല്ലമ തങ്ങളുടെ സ്വഹാബത്തിനെയും അത്പോലെ തങ്ങളുടെ ത്വരീഖത്തിലെ സഹോദരങ്ങളെയും സന്ദർശിക്കുന്നതിന് നിരുപാധികമായ സമ്മതം തന്നെ നൽകിയിട്ടുണ്ട്. സന്ദർശനത്തിന്റെയും സഹായാഭ്യർത്ഥനയുടെയും വിഷയത്തിൽ മറ്റുള്ളവരെക്കാൾ ഏറ്റവും അർഹരായവർ പ്രവാചകന്മാരാണെന്ന കാര്യം ഇവിടെ പ്രത്യേകം ഉണർത്തേണ്ട ആവശ്യം തന്നെയില്ലല്ലോ.

3. ഔറാദുകൾ മരണം വരെ വിച്ഛേദിക്കാത്ത വിധം പതിവാക്കൽ : ആയത് കൊണ്ട് തിജാനിയ്യത്തിലെ നിർബന്ധ ഔറാദുകളെ ആജീവനാന്തം ബാധ്യതയാക്കുന്നവർക്കല്ലാതെ ത്വരീഖത്ത് നൽകപ്പെടുകയില്ല. ഇക്കാരണത്താൽ നേർച്ചയാക്കപ്പെട്ട ആരാധനകളെപ്പോലെ അവ നിർബന്ധ ബാധ്യതയായി മാറുന്നതാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം നിലനിർത്താൻ ലളിതമായവയാണ് ഈ ഔറാദുകൾ. വിട്ടുതിയില്ലാത്ത അവസരത്തിലാണ് ഇവ നിബന്ധനപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രത്യേകിച്ചും.

ഇനി ത്വരീഖത് ഒഴിവാക്കാൻ ഒരാൾ ദൃഢനിശ്ചയമെടുത്താൽ അയാൾക്കും ശൈഖിനുമിടയിലെ ബന്ധം മുറിഞ്ഞുപോകും. നേർച്ചവീട്ടൽ നിർബന്ധമായതിനാൽ തത്ഫലമായി അയാൾ പാപിയുമാകും. എന്നാൽ ത്വരീഖതിന്റെ നേർച്ചയാക്കപ്പെടാത്ത ഔറാദുകൾ ഇപ്രകാരമല്ല. ആയതിനാൽ അവ ഉപേക്ഷിക്കുന്നത് മൂലം ഒഴിവാക്കുന്നവൻ കുറ്റക്കാരനാവുകയുമില്ല. നിർബന്ധ കർമ്മങ്ങളുടെ പ്രതിഫലം ലഭ്യമാകും എന്നതാണ് ഔറാദുകൾ നേർച്ചയാക്കുന്നതിന് പിന്നിലെ യുക്തി. ഈ രൂപത്തിലൂടെ പ്രതിഫലം വർദ്ധിപ്പിക്കുന്നതിലേക്ക് നിരവധി ഔലിയാക്കൾ പ്രേരണ നൽകിയിട്ടുണ്ട്. അവരിൽ പെട്ടവരത്രെ ഇമാം ബൂസ്വീരി(റ). മഹാനവർകൾ പാടി :

ولا تزودت قبل الموت نافلة   ولم أصل سوى فرض ولم أصم

മരണത്തിൻ മുമ്പ് ഞാൻ സമ്പാദിച്ചില്ലല്ലോ പാഥേയമായൊരു സുന്നത് പോൽ!
ഫർദിനെക്കൂടാതെ നിസ്കരിച്ചില്ല ഞാൻ; അപ്രകാരം തന്നെ എന്റെ നോമ്പും!

ഈ കവിതയെക്കുറിച്ച് മഹാന്മാർ പറയുന്നു :

“സുന്നതായ കർമ്മങ്ങൾ നേർച്ചയാക്കുന്നവരായിരുന്നു ഇമാം ബൂസ്വീരി(റ). അങ്ങനെ നിർബന്ധ കർമ്മങ്ങളുടെ പ്രതിഫലം അവക്ക് നൽകപ്പെടുകയും മഹാനവർകൾക്കുള്ള പ്രതിഫലം വർദ്ധിക്കുകയും ചെയ്തു”

നമ്മുടെ ത്വരീഖതിന്റെ വക്താക്കളായ ചില മഹത്തുക്കൾ ഇപ്രകാരം പ്രസ്താവിക്കാറുണ്ടായിരുന്നു :

“നമ്മുടെ പ്രവർത്തനങ്ങൾക്ക് നിർബന്ധകർമ്മങ്ങളുടെ പ്രതിഫലം നൽകപ്പെടുന്നുണ്ട് എന്നതാണ് നമ്മുടെ ത്വരീഖത്തിന്റെ ഔന്നിത്യത്തിനുള്ള കാരണങ്ങളിലൊന്ന്. ഇപ്രകാരം അല്ലാത്തവർക്കെല്ലാം ഐച്ഛികകർമ്മങ്ങളുടെ പ്രതിഫലം മാത്രമേ നൽകപ്പെടുന്നുള്ളൂ ”

4. ശൈഖ്(റ)വിനെ ചീത്തപറയുക/ദ്വേഷ്യം വെക്കുക/ശത്രുത പുലർത്തുക/ അവിടുത്തെ ബഹുമാനത്തെ ഇടിച്ചുതാഴ്ത്തുക തുടങ്ങിയവ സംഭവിക്കാതിരിക്കൽ : കാരണം ശൈഖിനെയും ത്വരീഖത്തിനെയും നിഷേധിക്കലാണിത്. ശൈഖിന്റെ കൽപനയും നിരോധനയും പരിഗണിക്കാതിരിക്കലാണ് ബഹുമാന്യത ഇടിച്ചുതാഴ്ത്തുന്നതിന്റെ ലക്ഷണം. ജവാഹിറുൽ മആനിയിൽ ശൈഖ്(റ) തന്നെ അരുളിയത് അനുസരിച്ചാണിത്.

5. ശൈഖ്(റ)വിനോടുള്ള സ്നേഹം അണമുറിയാതെ എന്നെന്നും തുടരൽ : അപ്പോൾ ആരുടെയെങ്കിലും സ്വന്തം ശൈഖിനോടുള്ള സ്നേഹം നീങ്ങിപ്പോയാൽ ശൈഖിനെ തൊട്ട് അവൻ വേർപിരിഞ്ഞവനാകും. തന്റെ ആത്മീയഗുരുവിനോട് വെറുപ്പോ ശത്രുതയോ ഇകഴ്ത്തലോ അവൻ ഒളിപ്പിച്ച് വെച്ചിട്ടില്ലെങ്കിലും ശരി.

6. ശൈഖ്(റ)വിനെ നിരൂപിക്കുന്നതിൽ നിന്നും മോചിതനാവൽ : മഹാനവർകളുടെ കാര്യങ്ങളിൽ നിന്നും തനിക്ക് ലക്ഷ്യം അറിയാത്ത വിഷയങ്ങൾക്ക് സത്യത്തിൽ നിയമാനുസൃതമായ ലക്ഷ്യം ഉണ്ടായിരിക്കും. അത് അവന്റെ മേൽ ഗോപ്യമാക്കപ്പെട്ടതാണ്. മുരീദിനെക്കാൾ ശരീഅത് നന്നായി അറിയുന്നവരും അതിൽ കൂടുതൽ തൽപരനുമായിരിക്കും ശൈഖ്. നിർണ്ണിതമാർഗ്ഗങ്ങളിലൂടെ പ്രസ്തുത ലക്ഷ്യം അന്വേഷിക്കാൻ അവന് അവസരവുമുണ്ട്.

7. ശൈഖ്(റ)വിനെ വിശ്വസിക്കൽ. മഹാനവർകളുടെ മുഴുവൻ വചനങ്ങളെയും സത്യമാക്കൽ : കാരണം പരിശുദ്ധ ഖുർആനിനും തിരുസുന്നത്തിനും അനുസൃതമാണ് ആ മൊഴിമുത്തുകളെല്ലാം. ഇപ്രകാരം തന്നെയാണ് മുഴുവൻ ഔലിയാക്കളുടെയും അവസ്ഥ. സത്യസന്ധരെ കളവാക്കുന്നതിൽ നിന്നും

രക്ഷനേടും എന്നതാണ് വിശ്വസിക്കുകയോ നിരൂപിക്കുകയോ ചെയ്യാത്ത സന്ദേഹിക്കുള്ള പരമാവധി നേട്ടം. എങ്കിലും അവനൊരു മുരീദ് ആവുകയില്ല. കാരണം, സംശയത്തെ അകറ്റുന്നതിലും ചിന്തനീയവും അനുവദനീയവുമായ ഒരു കാര്യത്തിൽ സത്യസന്ധനും നീതിനിഷ്ഠനുമായ ആളുടെ വർത്തമാനത്തെ സ്വീകരിക്കലിലുമാണ് ആത്മീയലക്ഷ്യപ്രാപ്തി ബന്ധപ്പെട്ടിരിക്കുന്നത്. ശരീഅത് നിലനിൽക്കുന്നതും ഇക്കാര്യത്തിന്റെ മേൽ മാത്രമാണ്.

ഈ നിബന്ധനകളിൽ നിന്നേതെങ്കിലും ഒന്നിന് എതിരായി ഒരുവൻ പ്രവർത്തിക്കുന്ന പക്ഷം ശൈഖുമായുള്ള അവന്റെ ബന്ധം മുറിയുക തന്നെ ചെയ്യും. തൽക്ഷണം തന്നെ ത്വരീഖതിലുള്ള അവന്റെ സമ്മതം ഉയർത്തപ്പെടുന്നതാണ്. ഖേദിച്ച് മടങ്ങുകയും ത്വരീഖതിലെ പ്രവേശനത്തെ പുതുക്കുകയും താൻ മുറുകെപ്പിടിച്ചതിൽ സത്യവാനാകുകയും ചെയ്യുന്നത് വരെയും ശൈഖുമായുള്ള ബന്ധത്തിലേക്ക് അവൻ തിരികെയെത്തുകയില്ല. ചിന്തനീയമായ ഒരു വാർത്തയിൽ സത്യസന്ധനും നീതിമാനുമായ ഒരാളെ കളവാക്കുന്നത് അനുവദനീയമല്ല എന്നതിൽ സംശയമേ ഇല്ല. മതപരമായി തന്നെ സജ്ജനങ്ങളെ സ്നേഹം വെച്ച് പുലർത്താൻ കൽപിക്കപ്പെട്ടവരാണ് നാം. എന്നല്ല സകല സത്യവിശ്വാസികളോടും ഇപ്രകാരം നാം വർത്തിക്കേണ്ടവരാണ്. സത്യത്തിന്റെ മേൽ നിലനിൽക്കുന്ന കാലത്തോളം അവരെ ചീത്തപറയാനോ അവഹേളിക്കാനോ ഇകഴ്ത്താനോ പാടില്ല എന്നും കൽപനയുണ്ട്. എന്നിരിക്കെ സത്യസന്ധനായ സദ്വൃത്തനുമായ സഹവസിക്കുന്നതിനെ നേർച്ചയാക്കിയ ഒരാളുടെ അവസ്ഥ എന്തായിരിക്കും?

## രണ്ടാം വിഭാഗം

### തൽക്ഷണം തന്നെ ത്വരീഖതിലെ അനുമതി ഉയർത്തിക്കളയുന്ന കാര്യങ്ങളിൽ സംഭവിക്കുന്നതിനെതിരെ പരിശീലിക്കേണ്ട നിബന്ധനകൾ

1. വിജ്ഞാനത്താലും പ്രവർത്തനത്താലും മതപരമായ മുഴുവൻ കാര്യങ്ങളുടെ മേലും കൃത്യനിഷ്ഠ പുലർത്തൽ : അഞ്ച് നേരത്തെ നിസ്കാരം അതാത് സമയത്ത് തന്നെ നിർവ്വഹിക്കുന്നത് കാത്ത്സൂക്ഷിക്കുക. സാധിക്കുമെങ്കിൽ ജമാഅത്തോട് കൂടി. അതോടൊപ്പം അവയുടെ ശർത്വുകളും ഫർദ്വുകളും അബ്ആദ്-ഹയ്ആത് സുന്നത്തുകളും പരിപൂർണ്ണമാക്കണം. കൂടാതെ ഭയഭക്തി ഉടനീളം ഉണ്ടാവുകയും വേണം. അഭിപ്രായ ഭിന്നതയെ തൊട്ട് പുറപ്പെട്ട നിലയിൽ ഫാതിഹയോടൊപ്പം ബിസ്മിയെ ശബ്ദം താഴ്ത്തിയോതേണ്ട നിസ്കാരങ്ങളിൽ ശബ്ദം താഴ്ത്തിയും ശബ്ദമുയർത്തേണ്ട നിസ്കാരങ്ങളിൽ ശബ്ദമുയർത്തിയും ഓതേണ്ടതാണ്. അതോടൊപ്പം റുകൂഇലും സുജൂദിലും അനക്കമടങ്ങുകയും വേണം. അനക്കമടങ്ങൽ നിർബന്ധമാക്കിയവരോട് ഏതിരാകുന്നതിൽ നിന്ന് മോചനം നേടാനായി, വേഗത്തിലുള്ളതോ ദൈർഘ്യമുള്ളതോ അല്ലാത്ത മിതമായ നിലക്കുള്ള അളവിൽ ഏറ്റവും ചുരുങ്ങിയ മൂന്ന് തസ്ബീഹിന്റെ സമയം കൊണ്ടായിരിക്കണം ഇത്. തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളെ തൊട്ടുള്ള തിരുചര്യകളിൽ സ്ഥിരപ്പെട്ടിരിക്കുന്ന :

**നിങ്ങളിലാരെങ്കിലും റുകൂഅ് ചെയ്യുകയാണെങ്കിൽ سُبْحَانَ رَبِّيَ الْعَظِيمِ എന്ന് മൂന്ന് വട്ടം അവൻ പറയട്ടെ. അതാണ് റുകൂഇൽ ഏറ്റവും താഴ്ന്നത്. സുജൂദ് ചെയ്യുകയാണെങ്കിൽ എന്ന് سُبْحَانَ رَبِّيَ الْأَعْلَى മൂന്ന് വട്ടം അവൻ പറയട്ടെ. അതാണ് സുജൂദിൽ ഏറ്റവും താഴ്ന്നത്.**

ദാറുഖുത്വ്നിയുടെയും ത്വബറാനിയുടെയും ഉദ്ധരണിയിൽ ഇപ്രകാരമാണ് :

سُبْحَانَ رَبِّيَ الْعَظِيمِ وَبِحَمْدِهِ سُبْحَانَ رَبِّيَ الْأَعْلَى وَبِحَمْدِهِ

ആരെയെങ്കിലും തുടരുന്ന പക്ഷം അയാൾ നിസ്കാരം പൂർണ്ണരൂപത്തിൽ നിർവ്വഹിക്കുന്നവനാകുവാൻ ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെയാകുമ്പോൾ ഈ അളവിനെ തൊട്ട് ചുരുങ്ങുകയില്ല. അതുപോലെ തുടരപ്പെടുന്നവൻ അഹ്ലുസ്സുന്നത്തിൽ അടിയുറച്ച് നിൽക്കുന്നവനായിരിക്കണം. പുത്തൻവാദികളെയും തെമ്മാടികളെയും പിന്തുടരൽ കറാഹതാണെന്ന് പണ്ഡിതന്മാർ വ്യക്തമാക്കുക തന്നെ ചെയ്തിട്ടുണ്ട്. അല്ലാഹ്(സു)വിന്റെ ഔലിയാക്കളോട് ശത്രുത പുലർത്തുന്നവൻ തെമ്മാടിയാണെന്നതിൽ യാതൊരു സംശയവുമില്ല. ശൈഖ്(റ)വും ഔലിയാക്കളിൽ പെട്ടവരാണ്. അല്ലാഹു ബഹുമാനപ്പെട്ടവരെയും മുഴുവൻ ഒലിയാക്കളെയും തൃപ്തിപ്പെടട്ടെ.

2. ഉത്കൃഷ്ടനും മഹോന്നതനുമായ അല്ലാഹുവിന്റെ ഭീകരതന്ത്രത്തെ തൊട്ട് നിർഭയനാകൽ : അല്ലാഹുവിന്റെ കാരുണ്യത്തിലോ ഏതെങ്കിലും നബിയുടെയോ വലിയ്യിന്റെയോ ശുപാർശയിലോ ഭാരമേൽപിച്ച് കുറ്റകൃത്യങ്ങളിൽ മുഴുകലും നിർഭയത്വത്തിൽ പെട്ടത് തന്നെ. അല്ലാഹ്(സു) അരുളി :

**നഷ്ടവാന്മാരായ ഒരു വിഭാഗമല്ലാതെ അല്ലാഹുവിന്റെ ഭീകരതന്ത്രത്തെ തൊട്ട് നിർഭയരാവുകയില്ല**

(സൂറതുൽ.അഅ്റാഫ് - 99)

3. മാതാപിതാക്കൾക്ക് ഗുണം ചെയ്യൽ : അല്ലാഹ്(സു) അരുളുന്നു :

## മാതാപിതാക്കൾക്ക് നന്മചെയ്യണമെന്നും

(സൂറതുൽ.ബഖറഃ - 83)

മാതാപിതാക്കളെ ധിക്കരിക്കുന്നവന്റെ സത്കർമ്മങ്ങൾ ആകാശത്തേക്ക് ഉയർത്തപ്പെടുകയില്ലെന്ന് ആത്മജ്ഞാനികൾ പ്രസ്താവിച്ചിട്ടുണ്ട്. ശൈഖ്(റ) പറയുന്നു :

**തന്റെ മാതാപിതാക്കൾക്ക് ഗുണം ചെയ്യാത്തവന്**
**ഈ സരണിയിലേക്ക് പ്രവേശിക്കുന്നത് സുഗമമാവുകയില്ല**

4. നൽകാനുള്ള ശരിയായ സമ്മതമില്ലാതെ വിർദ് നൽകുന്നതിനുള്ള മേന്മ നടിക്കാതിരിക്കൽ : കപടമായ ആത്മീയ നേതൃത്വത്തെ വാദിക്കൽ പരാജയത്തിന്റെ ലക്ഷണങ്ങളിൽ പെട്ടതാണെന്ന് ചില ഔലിയാക്കളെ തൊട്ട് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹു കാത്തുരക്ഷിക്കുമാറാകട്ടെ.

5. വിർദിനെ നിസാരവത്ക്കരിക്കാതിരിക്കൽ : കാരണം കൂടാതെ ശ്രേഷ്ടമായ സമയത്തെ വിട്ട് പിന്തിക്കലും ഇതിൽ പെട്ടതാണ്. കാരണം പ്രത്യകമാക്കപ്പെട്ട ഒരു രൂപത്തിന്റെ മേലാണ് മുരീദ് വിർദിനെ ഏറ്റെടുത്തത്.

6. ശൈഖിനോട് ബന്ധം ചേർക്കപ്പെടുന്നവരെയെല്ലാം ആദരിക്കൽ : പ്രത്യേകിച്ചും വിശേഷതയുടെ അവകാശികളായ അത്യുന്നതമഹത്തുക്കളെ.

7. ശൈഖ്(റ)വിന്റെ മേൽ വിമർശനമുന്നയിക്കുന്നവരുമായി വിട്ടുനിൽക്കൽ : കാരണം അത്തരക്കാരോട് കൂടിക്കലരുകയാണെങ്കിൽ പ്രശ്നരഹിതമാവാനുള്ള സാധ്യത വിരളമാണ്.

8. തനിക്കും സൃഷ്ടികൾക്കുമിടയിൽ ബന്ധവിച്ഛേദമില്ലാതിരിക്കൽ : മതപരമായ കാരണങ്ങൾക്ക് വേണ്ടിയല്ലാതെ ആകുമ്പോഴാണിത്. പ്രത്യേകിച്ചും തിജാനി സഹോദരങ്ങളോട്.

9. വലീഫക്കും ഹയ്ലലക്കുമായി സംഗമിക്കൽ : തടസ്സമൊന്നുമില്ലാത്ത സഹോദരങ്ങൾ അവനോടൊപ്പം ഉണ്ടെങ്കിലാണിത്.

ഒരുവൻ ഈ നിബന്ധനകളിൽ നിന്ന് ഏതെങ്കിലും ഒന്നിന് എതിരായാൽ പ്രസ്തുത വീഴ്ചയെത്തൊട്ട് എത്രയും വേഗം അവൻ മടങ്ങിക്കൊള്ളട്ടെ. അതോടൊപ്പം അവൻ അല്ലാഹുവിലേക്ക് പശ്ചാത്തപിക്കുകയും അങ്ങനെ തന്റെ ആത്മീയയാത്രയിലും അദ്ധ്യാത്മികപ്രവേശനത്തിലും അവൻ സ്ഥിരപ്പെടുവോളം ഈ നിബന്ധനകളെ മുറുകെപ്പിടിക്കുകയും ചെയ്യേണ്ടതാണ്.

## മൂന്നാം വിഭാഗം

### ഔറാദുകൾ സാധുവാകാനുള്ള നിബന്ധനകളാണിവ

1. നിയ്യത് : നിശ്ചയം തിജാനിയ്യഃ ഔറാദുകൾ ഏറ്റെടുക്കുന്നതോട് കൂടി നേർച്ചയാക്കപ്പെട്ട ഏതൊരു ആരാധനയെയും പോലെ അത് നിർബന്ധമായിത്തീരുന്നതാണ്. ആയതിനാൽ നിരുപാധികമായ സുന്നത്തിൽ നിന്നും വേർതിരിക്കുന്ന നിയ്യത് ഇവക്ക് കൂടിയേ തീരൂ.

2. അശുദ്ധിയിൽ നിന്നും ശുദ്ധിയാവൽ : ഈ വിഷയത്തിലുള്ള മതവിധിയാലുള്ള പരിധികളുടെ മേൽ അനുസൃതമായി ജലം കൊണ്ടോ തയമ്മും കൊണ്ടോ ആയിരിക്കണം ഇത്.

3. മാലിന്യങ്ങളിൽ നിന്നും ശുദ്ധിയാവൽ : നിസ്കാരത്തിനായി ഈ വിഷയത്തിൽ വ്യക്തമാപ്പെട്ട മതനിയമങ്ങളാലുള്ള ചിട്ടകളുടെ മേൽ ശരീരം, വസ്ത്രം, സ്ഥലം തുടങ്ങിയവ മാലിന്യവിമുക്തമാകണം.

4. ഔറത് മറക്കുക : നിസ്കാരത്തിലേത് പോലെ അശുദ്ധിയിൽ നിന്നും മാലിന്യങ്ങളിൽ നിന്നും ശുദ്ധിയാകലും ഔറത് മറക്കലും മതകീയ വീക്ഷണപ്രകാരം പൊതുവായ ദിക്റുകളിൽ തന്നെ സുന്നത്താണ് എന്നത് അവ്യക്തമായ കാര്യമൊന്നുമല്ല. നിർബന്ധബാധ്യതയായി സ്വീകരിക്കുന്നതിലൂടെ ഇത് വാജിബായിത്തീരുന്നു. നിർബന്ധമായ ഔറാദുകളെപ്പോലെ ഐച്ഛികമായവയിലും ഇക്കാര്യം നിബന്ധനയാക്ക പ്പെട്ടിട്ടുണ്ട്.

5. വിർദിന്റെ തുടക്കം മുതൽ ഒടുക്കം വരെയും സംസാരമില്ലാതിരിക്കൽ : നിർബന്ധഘട്ടങ്ങളിൽ ഒഴികെ. അന്നേരം ആംഗ്യം കാണിക്കേണ്ടതാണ്. സൂചന മനസിലാകുന്നില്ലെങ്കിൽ ഒന്നോ രണ്ടോ വാക്കുകൾ സംസാരിക്കാം. ദിക്ർ ചൊല്ലുന്നവന് സലാം മടക്കൽ നിർബന്ധമില്ലെന്ന് പറഞ്ഞവർ പണ്ഡിതന്മാരുടെ കൂട്ടത്തിലുണ്ട്. കാരണം അത്തരക്കാരൻ അത്യുന്നതനായ അല്ലാഹുവിനെ കൊണ്ട് വ്യാപൃതനായവനാണ്. അതിനാൽ മഹോന്നതനും ഉന്നതവാനുമായ അവന്റെ സന്നിധിയെ തൊട്ട് തിരിഞ്ഞ് കളയൽ നല്ലതല്ല. അല്ലാമഃ സയ്യിദീ ഇയാദ്(റ) പറയുന്നു. മനുഷ്യന്റെ മേൽ സലാം ചൊല്ലപ്പെടേണ്ടതില്ലാത്ത കാഴ്ചപ്പാടുകളിൽ ഒന്നാണിതും. ഇനിയെങ്ങാനും സലാം പറയപ്പെട്ടാൽ മടക്കേണ്ടതുമില്ല. ചില പണ്ഡിതന്മാർ വ്യക്തമാക്കുന്നു.

   "ചുവടെ പറയാത്തവരൊഴികെയുള്ള മുഴുവൻ ജനങ്ങൾക്കും നിർബന്ധമാണ് സലാം മടക്കൽ: (1) നിസ്കാരിക്കുന്നവൻ, (2) തിന്നുന്നവൻ, (3) കുടിക്കുന്നവൻ, (4) ഖുർആൻ ഓതുന്നവൻ, (5) ദിക്ർ, (6) ദുആ, (7) ഖുതുബഃ, (8) തൽബിയഃ തുടങ്ങിയവയിലേർപ്പെട്ടവൻ, (9) പ്രാഥമികാവശ്യം നിർവ്വഹിക്കുന്നവൻ (10) ബാങ്കോ (11) ഇഖാമതോ കൊടുക്കുന്നവൻ (12) കുട്ടി, (13) ലഹരിയിൽ മുഴുകിയൻ, (14) പ്രശ്നം ഭയപ്പെടുന്ന യുവതി, (15) തെമ്മാടി, (16) ഗാഢമായി ഉറങ്ങുന്നവൻ, (17) തൂങ്ങിയുറങ്ങുന്നവൻ, (18) സംയോഗം, (19) വിധിപ്രസ്താവന തുടങ്ങിയ അവസരങ്ങളിൽ, (20) കുളിമുറിയിലുള്ളവൻ, (21) ഭ്രാന്തൻ. ഇങ്ങനെ ഇരുപത്തിയൊന്നു പേർക്ക് പ്രത്യഭിവാദ്യം നൽകേണ്ടതില്ല"

   ശാഫഈ മദ്ഹബുകാർ അവരുടെ ഗ്രന്ഥങ്ങളിലും ഇതുപോലുള്ള കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പുരുഷൻ മാതാപിതാക്കൾക്ക് ഉത്തരം ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യാതിരിക്കുന്നത് മൂലം അവരിരുവരോടുമുള്ള ധിക്കാരം വന്നുപോകും എന്നതിനാലാണിത്. സ്ത്രീയും അവളുടെ

മാതാപിതാക്കൾക്ക് ഉത്തരം ചെയ്യേണ്ടതാണ്. ഭർത്താവിനും മറുപടി നൽകണം. അവൾക്ക് മേൽ ഭർത്താവിന് അവകാശമുണ്ട് എന്ന കാരണത്താൽ.

ഭോജന-പാനവും ഇല്ലാതിരിക്കൽ : കുറഞ്ഞ തോതിലായാലും കൂടിയ അളവിലായാലും ഇത് കൊണ്ട് വിർദ് അസാധുവായിത്തീരും. വലീഫഃ കൂടിയ അളവ് കൊണ്ട് നിഷ്ഫലമാവുമെങ്കിലും ഒരിറക്ക് വെള്ളവും പല്ലുകൾക്കിടയിൽ അവശേഷിക്കുന്ന ഭക്ഷണസാധനവും പോലെ നിർബന്ധിത ഘട്ടത്തിലെ കുറഞ്ഞ അളവ് കൊണ്ടാണെങ്കിൽ കുഴപ്പമില്ല. ഈ നിബന്ധനകളിൽ നിന്നേതെങ്കിലും ഒന്നിനോട് എതിര് പ്രവർത്തിച്ചവന്റെ വിർദ് ബാത്വിലാവുന്നതാണ്. എക്കാലത്തും അവയെ മടക്കുകയും വേണം.

6. ജൗഹറതിന് ജലശുദ്ധി ഉണ്ടായിരിക്കൽ : ആറ് പേർക്ക് വിശാലമാവുന്ന ശുദ്ധമായ സ്ഥലവും വേണ്ടതാണ്. അത് ഒരു പ്രാവശ്യം മാത്രമാണ് ഓതുന്നതെങ്കിൽ പോലും. വാഹനപ്പുറത്തോ കപ്പലിന്റെ മേലായോ ചൊല്ലാതിരിക്കേണ്ടതുമാണ്. അപ്പോൾ, കല്ല് കൊണ്ട് ശൗചം ചെയ്ത വൻ, തയമ്മും ചെയ്-തവൻ, വസ്ത്രത്തിലോ ശരീരത്തോ ഉണ്ടായ മാലിന്യത്തെ നിക്കാൻ അശക്തനായവൻ തുടങ്ങിയവർ വലീഫയിൽ ജൗഹറതിന് പകരമായ ഇരുപത് സ്വലാതുൽ ഫാതിഹാണ് ചൊല്ലേണ്ടത്. ജൗഹറതിന്റെ മുഴുവൻ നിബന്ധനകളും പാലിക്കാത്തവനും ഇപ്രകാരം വർത്തിക്കണം. ഒരുവൻ വലീഫയിൽ ജൗഹറതിനുണ്ടായിരിക്കേണ്ട പ്രത്യക നിബന്ധനകൾക്ക് വിപരീതം ചെയ്താൽ വലീഫയെ അവൻ മടക്കേണ്ടി വരും.

ഇവയെല്ലാം തന്നെ ദിക്റിന്റെ പൊതുവായ മര്യാദകളിലേക്ക് മടങ്ങുന്നവയാണ്.

## നാലാം വിഭാഗം

**പ്രബലമായ നിബന്ധനകളും മര്യാദകളുമാണിവ. ഇവ ഉപേക്ഷിക്കുന്നത് മൂലം വിർദ് അസാധുവാകുകയില്ലെങ്കിലും അതിന്റെ ആത്മീയപ്രഭക്ക് ഇടിവ് സംഭവിക്കും.**

1. ഇരുത്തം : മതിയായ വിട്ടുതി കൂടാതെ കിടന്നു കൊണ്ടും നിന്ന് കൊണ്ടും വിർദിനെ പാരായണം ചെയ്യരുത്. കാരണമുണ്ടെങ്കിൽ നടന്ന് കൊണ്ടായാൽ പോലും വിർദ് ചൊല്ലുന്നത് സാധുവായിത്തീരും. സാധ്യമായ ഘട്ടത്തിൽ മാലിന്യങ്ങളെത്തൊട്ടെല്ലാം സൂക്ഷമത പുലർത്തണം എന്ന നിബന്ധനയോടെയാണ് ഇതെന്ന് മാത്രം.

2. ഖിബ്‌ലക്ക് മുന്നിട്ടുക : യാത്രക്കാരനെപ്പോലെ ഖിബ്‌ലക്ക് മുന്നിടാൻ സാധ്യമാകാത്ത തടസ്സമുണ്ടെങ്കിൽ ഒഴികെ. അത് ചെറിയ യാത്രയാണെങ്കിൽ പോലും.

3. തനിച്ചുള്ള വിർദിൽ പതുക്കെ ചൊല്ലുക : സ്വന്തം ശരീരത്തെയാണ് അവൻ കേൾപ്പിക്കേണ്ടത്. ദിക്റിന്റെ വചനങ്ങളെ ശ്രദ്ധിച്ച് കേൾക്കുകയും ചെയ്യട്ടെ. എന്നാൽ വലീഫയിലും ഹയ്‌ലലയിലും സംഘമായാണ് പാരായണം ചെയ്യുന്നതെങ്കിൽ ശബ്ദമുയർത്തുകയാണ് വേണ്ടത്.

4. ദിക്റിന്റെ ആശയങ്ങളെ ഹാജരാക്കുക : സാധ്യമാവുന്നയത്രയാവണം ഇത്. അതോടൊപ്പം ഈണത്തെ ഉപേക്ഷിക്കുകയും സാവധാനത്തോടെയാകുകയും വേണം.

5. ശൈഖ്(റ)വിന്റെ രൂപത്തെ ഹാജരാക്കുക. ഏറ്റവും മഹത്വം തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളുടെ രൂപത്തെ ഹാജരാക്കലാണ് : കാരണം ഈ പ്രവർത്തനത്തിലൂടെ നിരർത്ഥകമായ സങ്കൽപങ്ങളെ തൊട്ട് ഭാവനയെ ജോലിയാക്കുകയും ചിന്തയെ ഏകാഗ്രമാക്കുകയും ചെയ്യും. ഇതിലൂടെ യാതൊരു ഫലവുമില്ലാത്ത കാര്യങ്ങളിൽ മാനസികസഞ്ചാരങ്ങൾ ചിന്നിച്ചിതറാതെ വരും.

   മുത്തുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളുടെയും സയ്യിദുനാ(റ)വിന്റെയും സമ്പൂർണ്ണതകളിൽ നിന്നും തനിക്കറിയാവുന്നവയെ സ്മരിക്കുന്നത് ആ പുണ്യാത്മാക്കളെ അനുധാവനം ചെയ്യുന്നതിലേക്ക് പ്രേരണ നൽകുന്നതാണ്. ഇരുവരോടുമുള്ള മര്യാദകളെ പാലിക്കുന്നതിലേക്ക് സ്വന്തം ശരീരത്തെ പരിശീലിപ്പിക്കാനും ഇതിലൂടെ സാധ്യമാകുന്നുണ്ട്. അങ്ങനെ അവർക്ക് മുന്നിൽ സന്നിഹിതനായ ഒരു സമകാലികനെ പോലയായിത്തീരുകയും ചെയ്യും. ആ മഹാത്മാക്കളുമായുള്ള ആത്മീയമായ സംഗമത്തിനും ഇരുസന്നിധികളിലേക്കുള്ള സമ്പൂർണ്ണസമ്പർക്കം വീണ്ടെടുക്കുന്നതിനും ഹൃദയത്തെ ബന്ധിപ്പിക്കാനും ഇത് സഹായകമായിത്തീരുന്നു. അത് തന്നെയാണ് നമ്മുടെ ലക്ഷ്യവും. ഈ മാനസികസാന്നിധ്യം അവന്റെ തുടക്കമാണ്. ഇത് നിരന്തരമാകുന്നതോടെ മുരീദ് ഉയർച്ചയിലേക്ക് നീങ്ങുകയും അവസാനം തന്റെ ലക്ഷ്യത്തിലേക്ക് അവൻ എത്തിച്ചേരുകയും ചെയ്യും.

## അഞ്ചാം വിഭാഗം

### ത്വരീഖത്തിലേക്കുള്ള പ്രവേശനസമ്മതം സാധുവാകാനുള്ള നിബന്ധനകൾ

1. പ്രവേശനവാചകം ചൊല്ലിത്തരുന്നയാളുടെ സമ്മതം നിയമാനുസൃതമാകൽ : അതായത് തഖ്ദീമിനുള്ള അർഹത അവനിൽ തികയലാണ്. ശൈഖ്(റ)വിൽ നിന്ന് ശരിയായ സമ്മതമുള്ള വ്യക്തിയിൽ നിന്നും തിജാനിയ്യഃ ഔറാദുകൾ നൽകാൻ അനുവദിക്കപ്പെട്ടവനായി അത്തരക്കാരൻ ആയിത്തീരുകയും വേണം. ഇതിനിടയിലെ മാധ്യമങ്ങളുടെ എണ്ണം എത്ര വർദ്ധിച്ചാലും ശരി. പക്ഷെ പരമ്പരയിലെ എല്ലാ കണ്ണികളും ത്വരീഖതുമായുള്ള ബന്ധത്തെ വേർപ്പെടുത്തുന്ന പ്രവർത്തനത്തെ തൊട്ടെല്ലാം രക്ഷപ്പെട്ടവരായിരിക്കുമ്പോൾ മാത്രമാണിത്.

2. പ്രവേശനവാചകം സാധുവാകൽ : പ്രവേശനവാചകം ആവശ്യപ്പെടുന്നവൻ ശരിയായ വിശ്വാസത്തിന്റെ വക്താവായ ബുദ്ധിയും വകതിരിവുമുള്ള മുസ്‌ലിമായിരിക്കണം. ജീവിതകാലം മുഴുവനും ഈ ത്വരീഖതല്ലാത്ത മുഴുവൻ ത്വരീഖത്തുകളെ തൊട്ടും ഔറാദുകളെ തൊട്ടും അവൻ ഒഴിഞ്ഞവനുമാകേണ്ടതാണ്. അപ്രകാരം തന്നെ ഓതിക്കൊടുക്കുന്ന നിബന്ധനകളെയെല്ലാം സ്വീകരിക്കുകയും ഉൾക്കൊള്ളുകയും വേണം. അനന്തരം ത്വരീഖത്ത് നൽകാൻ ശരിയായ സമ്മതമുള്ളയാൾ അവൻ ആവശ്യപ്പെട്ടതനുസരിച്ച് പ്രവേശനവാചകങ്ങൾ ചൊല്ലിക്കൊടുക്കണം. ത്വരീഖതിനെ ആവശ്യപ്പെടുന്നവൻ അതിൽ പ്രവേശിക്കുന്ന അവസരത്തിൽ മാതാപിതാക്കളോടോ അവരിലൊരാളോടോ സമ്മതം തേടുന്നത് പ്രശംസാർഹമായ കാര്യങ്ങളിൽ പെട്ടതാണ്. അവർ ജീവനോടെ ഉണ്ടെങ്കിലാണ്. ഭാര്യ അവളുടെ ഭർത്താവിനോടും അനുമതി തേടേണ്ടതുണ്ട്.

# തിജാനിയ്യഃ ത്വരീഖത്തിലെ നിർബന്ധ ഔറാദുകൾ

**ത്വരീഖത്തിന്റെ നിബന്ധനകൾ ഏറ്റെടുത്തതിന് ശേഷം മുരീദിന് അനുമതി നൽകപ്പെടുന്ന ഔറാദുകളാണിവ.**

1. **പ്രഭാതവിർദ്**
2. **പ്രദോഷവിർദ്**
3. **വളീഫഃ**
4. **ഹയ്ലലഃ**

## 1. പ്രഭാതവിർദ്

- أَسْتَغْفِرُ اللّٰه - 100 : ഈ വാചകം വിർദിൽ നിർണ്ണിതമാണ്. ഇതല്ലാത്തത് കൊണ്ട് ആരെങ്കിലും ദിക്ർ ചൊല്ലിയാൽ വിർദിനെ മടക്കേണ്ടി വരും.
- നബി സ്വല്ലല്ലാഹു അലൈഹി വ സല്ലമ തങ്ങളുടെ മേലുള്ള സ്വലാത് - 100 : ഏത് വാചകത്തിലും ഇത് പാരായണം ചെയ്യാമെങ്കിലും സ്വലാതുൽ ഫാതിഹാണ് ഉത്തമം. ഇസ്മുൽ അഅ്ളമിലെ മുഴുവൻ അക്ഷരങ്ങളും ഇതര രഹസ്യങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു എന്നതാണ് ഇതിന് നിദാനം.
- لَا إِلٰهَ إِلَّا الله - 100 : ഈ വാചകവും നിർണ്ണിതമാണ്.

**<u>ഇതാണ് സ്വലാതുൽ ഫാതിഹ്</u>**

**اَللّٰهُمَّ صَلِّ عَلَى سَيِّدِنَا مُحَمَّدٍ الْفَاتِحِ لِمَا أُغْلِقَ وَالْخَاتِمِ لِمَا سَبَقَ نَاصِرِ الْحَقِّ بِالحَقِّ**
**وَالْهَادِى إِلَى صِرَاطِكَ الْمُسْتَقِيمِ وَعَلَى آلِهِ حَقَّ قَدْرِهِ وَمِقْدَارِهِ الْعَظِيمِ**

പ്രഭാതവിർദിന്റെ ശ്രേഷ്ഠമായ സമയം സുബ്ഹി നിസ്കരിച്ചത് മുതൽ ളുഹറിന് തൊട്ട് മുമ്പ് വരെയാണ്. നിസ്കരിക്കുന്നതിന് മുമ്പ് ഇത് നിർവ്വഹിക്കപ്പെട്ട് കൂടാ. അത് ഫജ്ർ വെളിവായതിന് ശേഷമാണെങ്കിലും ശരി. തുടർന്നുള്ള സമയം മുതൽ മഗ്‌രിബ് വരെ ഇതിന്റെ നിർബന്ധിത സമയമാണ്. ഇതിന് ശേഷം പ്രഭാതവിർദ് ഖദ്വാഅ് ആയിട്ടായിരിക്കും സംഭവിക്കുക. നിർബന്ധിത കാരണത്തിന് വേണ്ടിയല്ലാതെ ശ്രേഷ്ഠസമയത്തെയും വിട്ട് വിർദ് പിന്തിക്കൽ ശരിയാവുകയില്ല എന്നതാണ് (ളുഹറിന് ശേഷമുള്ള സമയത്തിന്) നിർബന്ധിതസമയം എന്ന് പേര് വെക്കപ്പെടാനുണ്ടായ കാരണം.

## 2. പ്രദോഷവിർദ്

പ്രഭാതവിർദിന്റെ വചനങ്ങൾ തന്നെയാണ് ഇതിന്റെയും ഘടകങ്ങൾ. ഇതിന്റെ ശ്രേഷ്ഠമായ സമയം അസ്വർ നിസ്കാര ശേഷം മുതൽ - അസ്വർ നിർബന്ധമായാൽ പോലും നിസ്കരിക്കുന്നതിന് ഇത് പാരായണം ചെയ്യപ്പെടരുത് - ഇഷാഅ് വരെയാണ്. നിർബന്ധിതസമയം ഇഷാഅ് മുതൽ സുബ്ഹി വരെയും. ഇതിന് ശേഷം ഖലാഅ് ആയിട്ടായിരിക്കും പ്രദോഷവിർദ് സംഭവിക്കുക.

കാരണമൊന്നും കൂടാതെ തന്നെ പ്രഭാതവിർദ് രാത്രിയിൽ മുന്തിക്കൽ സാധുവാകുന്നതാണ്. ഇഷാഅ് നിസ്-കാരത്തിന് ശേഷം ജനങ്ങൾ ഉറങ്ങുന്നതായ അവസരത്തിൽ ഒരു ഖുർആൻ ഓത്തു കാരൻ അഞ്ച് ഹിസ്ബ് ഓതാനെടുക്കുന്ന സമയത്തിന് ശേഷമായിരിക്കണം ഇത്. ഇപ്രകാരം നിർവ്വഹിക്കുന്നതിന് മുമ്പ് ഇഷാഅ് നിസ്-കാരം കൂടിയേ തീരൂ. ഇനി മുന്തിച്ച് ചൊല്ലുന്നതായ പ്രഭാതവിർദ് പൂർത്തിയാവുന്നതിന് മുമ്പ് ഫജ്ർ വെളിവായാൽ (സുബ്ഹി ആയാൽ) - ഒരൊറ്റ ഹയ്‌ലല മാത്രമാണ് അവശേഷിക്കുന്നതെങ്കിൽ കൂടി - അത് പൂർത്തീകരിക്കുകയും പിന്നീട് അതിന്റെ സമയത്ത് മടക്കിച്ചൊല്ലുകയും വേണം. അപ്പോൾ ആദ്യത്തേത് സുന്നതായി സംഭവിക്കും.

മതിയായ കാരണങ്ങൾ ശ്രേഷ്ഠമായ സമയത്ത് വന്നുചേരുന്നതിന് വേണ്ടി പ്രദോഷവിർദിനെ പകലിൽ മുന്തക്കുന്നത് സാധുവാകുകയില്ല. എന്നാൽ അസ്വറിനെ ളുഹറിലേക്ക് മുന്തിച്ച് ജംആക്കി നിസ്കരിക്കുന്നുണ്ടെങ്കിൽ ഒഴികെ. ഈ സന്ദർഭത്തിൽ അസ്വർ നിസ്കാരത്തിന് ശേഷം പ്രദോഷവിർദിനെ പാരായണം ചെയ്യുന്നത് സാധുവാകും. ഇനി ശ്രേഷ്ഠസമയത്ത് ഒന്നടങ്കം ശക്തിയായ കാരണം വിഘാതമാകുന്നതിനാൽ പ്രദോഷവിർദിനെ രാത്രിയിൽ മുന്തിക്കുന്നത് അനുവദനീയമാണ്. അന്നേരം തൊട്ട് മുമ്പുള്ള പ്രഭാതവിർദിനെയും മുന്തിക്കാതെ തരമില്ല. ത്വരീഖത്തിൽ തേടപ്പെട്ട മുൻഗണനാക്രമത്തിന് വേണ്ടിയാണിത്. പകൽസമയത്തെ പ്രവർത്തനങ്ങളെക്കാളും ഇരട്ടി പ്രതിഫലം രാത്രിയിലെ കർമ്മങ്ങൾക്ക് ലഭ്യമാകും എന്നതാണ് മുന്തിക്കുന്നതിലൂടെ രാവ് സവിശേഷമായത്. അല്ലാഹ(സു) അരുളി :

**നിശ്ചയം രാത്രി ഉണർന്നെഴുന്നേൽക്കൽ, അത് കൂടുതൽ യോജിപ്പുണ്ടാക്കുന്നതും പാരായണം കൂടുതൽ സ്പഷ്ടമാക്കുന്നതും തന്നെയാണ്.**

(സൂറത്തുൽ മുസ്സമ്മിൽ - 6)

## 3. അൽ വലീഫഃ

**ഇതിന്റെ ഘടകങ്ങൾ :**

- أَسْتَغْفِرُ اللَّهَ الْعَظِيمَ الَّذِى لَا إِلَهَ إِلَّا هُوَ الْحَيِّ الْقَيُّوم - 30 വട്ടം
- صلاة الفاتح - 50 വട്ടം : മറ്റ് വചനങ്ങൾ കൊണ്ട് വലീഫഃ സാധുവാകുകയില്ല. ഈ സ്വലാത് ഹൃദിസ്ഥമാക്കാത്തവരിൽ നിന്നും വലീഫഃ മുറിഞ്ഞ് പോകും.
- لَا إِلَهَ إِلَّا اللَّه - 100 വട്ടം: ഈ വചനം കൊണ്ടും വലീഫഃ നിർണ്ണിതമാണ്.
- جوهرة الكمال - 12 വട്ടം : ഈ സ്വലാത് ഹൃദിസ്ഥമാക്കുകയും ഇതിന്റെ നിബന്ധനകൾ പൂർണ്ണമാക്കുകയും ചെയ്തവരാണിത് ചൊല്ലേണ്ടത്. അല്ലാത്തപക്ഷം തൽസ്ഥാനത്ത് ഇരുപത് സ്വലാതുൽ ഫാതിഹ് പകരമാക്കണം.

### ജൗഹറതുൽ കമാൽ

اَللَّهُمَّ صَلِّ وَسَلِّمْ عَلَى عَيْنِ الرَّحْمَةِ الرَّبَّانِيَّةِ وَالْيَاقُوتَةِ الْمُتَحَقِّقَةِ الْحَائِطَةِ بِمَرْكَزِ الْفُهُومِ وَالْمَعَانِى وَنُورِ الْأَكْوَانِ الْمُتَكَوِّنَةِ الْآدَمِيِّ صَاحِبِ الْحَقِّ الرَّبَّانِى الْبَرْقِ الْأَسْطَعِ بِمُزُونِ الْأَرْبَاحِ الْمَالِئَةِ لِكُلِّ مُتَعَرِّضٍ مِنَ الْبُحُورِ والْأَوَانِى وَنُورِكَ اللَّامِعِ الَّذِى مَلَأْتَ بِهِ كَوْنَكَ الْحَائِطَ بِأَمْكِنَةِ الْمَكَانِى

اَللَّهُمَّ صَلِّ وَسَلِّمْ عَلَى عَيْنِ الْحَقِّ الَّتِى تَتَجَلَّى مَنْهَا عُرُوشُ الْحَقَائِقِ عَيْنِ الْمَعَارِفِ الْأَقْوَمِ صِرَاطِكَ التَّامِّ الْأَسْقَمِ

اَللَّهُمَّ صَلِّ وَسَلِّمْ عَلَى طَلْعَةِ الْحَقِّ بِالْحَقِّ الْكَنْزِ الْأَعْظَمِ إِفَاضَتِكَ مِنْكَ إِلَيْكَ إِحَاطَةِ النُّورِ الْمُطَلْسَمِ صَلَّى اللَّهُ عَلَيْهِ وَ عَلَى آلِهِ صَلَاةً تُعَرِّفُنَا بِهَا إِيَّاهُ

ഒരു രാപ്പകലിലായി ഒരു പ്രാവശ്യം വലീഫഃ പാരായണം ചെയ്യപ്പെടണം. ഒന്നുകിൽ പ്രഭാതത്തിലോ അല്ലെങ്കിൽ പ്രദോഷത്തിലോ ആകാം. ഇനി രണ്ട് സമയങ്ങളിലും വലീഫഃ ഓതപ്പെടുന്നുണ്ടെങ്കിൽ അതാണ് അഭികാമ്യം. അന്നേരം രണ്ടാലൊന്ന് ഐച്ഛികമാകുന്നതിനാൽ അവയെ നിർണ്ണയിക്കപ്പെടുകയും വേണം. വലീഫഃ പാരായണം ചെയ്യാനുള്ള അത്യുത്തമമായ സമയം ഇഷാഅ്-മഗ്‌രിബിനിടയിലെ നേരമാണ്. ഒരുവൻ പ്രദോഷത്തിൽ വലീഫയെ ക്രമപ്പെടുത്തുകയാണെങ്കിൽ തന്മൂലം പ്രദോഷവിർദിനെ പോലെയാകും അതിന്റെ വിധി. ശ്രേഷ്ട-നിർബന്ധിത സമയങ്ങളിൽ പ്രദോഷവിർദിനോട് ചുരുങ്ങുകയും ചെയ്യും. ഇപ്രകാരം പ്രഭാതവിർദിലെ വിധിയായിരിക്കും വലീഫയെ പ്രഭാതത്തിൽ നിജപ്പെടുത്തുന്ന ഒരാൾക്കുണ്ടാകുക. അൽ.ഫുളുഹാതുർറബ്ബാനിയ്യഃ എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്(റ) പറയുന്നു : “നിശ്ചയം വലീഫഃ പ്രഭാതവിർദിനോട് ശ്രേഷ്ടസമയത്തല്ലാതെ ചുരുങ്ങുകയില്ല. അതിന് ശേഷം അത് ഖദ്വാഅ് ആയിട്ടാണ് സംഭവിക്കുക”

താമസിച്ചെത്തുന്ന വ്യക്തി നിസ്കാരത്തിൽ പ്രവർത്തിക്കുന്നത് പ്രകാരമായിരിക്കണം വലീഫയിലും വർത്തിക്കേണ്ടത്. വലീഫഃ പാരായണം ചെയ്യുന്ന ഒരു സംഘത്തെ അവൻ എത്തിച്ചാലാണിത്. അതായത്, അവർ

ഏതൊന്നിലാണോ ഉള്ളത് അതിലായിരിക്കണം അവരോടൊപ്പം അവൻ ആരംഭിക്കേണ്ടത്. അങ്ങനെ അവർ വലീഫഃ പൂർത്തിയാക്കിക്കഴിഞ്ഞാൽ തനിക്ക് നഷ്ടപ്പെട്ടത് ക്രമപ്രകാരം ഇടമുറിയാതെ അവൻ കൊണ്ട് വരണം. സംഘം ചൊല്ലിക്കൊണ്ടിരുന്ന തവണയുടെ ഇടയിൽ വെച്ചാണ് അവൻ എത്തിയതെങ്കിൽ അവരോടൊപ്പം അവൻ എത്തിച്ച പ്രസ്ഉത തവണ പരിഗണിക്കപ്പെടുന്നതല്ല. താമസിച്ച് പങ്കെടുക്കുന്നവൻ അഊദു, ബിസ്മി, ഫാതിഹഃ, സ്വലാതുൽ ഫാതിഹ് തുടങ്ങിയ കൊണ്ടൊന്നും തുടങ്ങരുത്. കാരണം, ഇവയൊക്കെ വലീഫയുടെ പ്രാരംഭഘട്ടത്തിൽ സന്നിഹിതരായവർക്ക് അനുയോജ്യമായ കാര്യങ്ങളാണ്. അല്ലാതെ വലീഫയുടെ ഘടകങ്ങളിൽ പെട്ടതല്ല. സംഘം ഓതിക്കൊണ്ടിരിക്കുന്ന അവസരത്തിൽ തനിക്ക് നഷ്ടപ്പെട്ടവ താമസിച്ച് പങ്കെടുക്കുന്നവൻ വീണ്ടെടുക്കരുത്. അപ്രകാരം ചെയ്യുന്നത് അലോസരത്തിന് ഇടയായിത്തീരും.

വാഹനപ്പുറത്ത് യാത്രചെയ്യുന്ന അവസരത്തിൽ വലീഫഃ ഓതുന്നവൻ ജൗഹറഃ തുടങ്ങുന്ന നേരത്ത് വാഹനത്തിൽ നിന്നിറങ്ങേണ്ടതുണ്ട്. അതോടൊപ്പം, സാധ്യമാവുമ്പോഴെല്ലാം മാലിന്യത്തിൽ ചവിട്ടാതിരിക്കാൻ മുൻകരുതലെടുക്കുകയും വേണം. അങ്ങനെ ഏഴാമത്തെ ജൗഹറയിലേക്ക് പ്രവേശിച്ച് കഴിഞ്ഞാൽ ഇരിക്കുകയും അപ്രകാരം വലീഫഃ അവസാനിക്കുന്നത് വരെ ഇരുത്തം തുടരുകയും ചെയ്യുക.

വലീഫയിലെ പരിപൂർണ്ണതയുടെ നിബന്ധനകളിൽ പെട്ടതാണ് ഏഴാമത്തെ ജൗഹറത്തുൽ കമാലിന്റെ അവസരത്തിൽ ഉറച്ച ശുദ്ധിയുള്ള തുണി വിരിക്കൽ. ചില വിവരദോഷികൾ ധരിച്ചത് പോലെ തിരുനബി സ്വല്ലല്ലാഹു അലൈഹി വ സല്ലമ തങ്ങൾ അതിന്മേൽ ഇരിക്കാൻ വേണ്ടിയല്ല ഇപ്രകാരം ചെയ്യുന്നത്. മറിച്ച്, വളരെ ശ്രേഷ്ടമായ അവസ്ഥയുടെ മേൽ ആയിരിക്കുന്നതിലൂടെ ദിക്ർ ചൊല്ലുന്നവനെ ഈ പ്രവർത്തനം ഭംഗിയാക്കുന്നതിനാലാണ്. ശുദ്ധവും സൗകര്യപ്രദവുമായ സ്ഥലങ്ങളിൽ സമ്പൂർണ്ണ ശുചിത്വത്തോടെ ആസനസ്ഥനാകുന്നത് മനത്തെളിച്ചം കൈവരാനുള്ള കാരണങ്ങളിൽ പെട്ടതാണെന്നത് അനുഭവ യാഥാർത്ഥ്യമാണ്. ഖൽവത്തിലായ വ്യക്തിക്ക് - ഒരാൾക്ക് ഇരിക്കാനുള്ള വിശാലത മാത്രമാണ് അവിടെ ഉള്ളതെങ്കിൽ പോലും - താനുദ്ദേശിക്കുന്നത്രെ ജൗഹറഃ പാരായണം ചെയ്യാവുന്നതാണ്.

# 4. അൽ ഹയ്ലലഃ

لَا إِلَهَ إِلَّا اللّٰه എന്ന പവിത്രമായ വചനം കൊണ്ടുള്ള സ്മരണയാണിത്. വെള്ളിയാഴ്ച അസ്വർ നിസ്കാരനന്തരം സൂര്യനസ്തമിക്കുന്നതിന് മുമ്പായി ഒരു മണിക്കൂറോ അധിലധികമോ സമയമാണ് ഇത് നിർവ്വഹിക്കേണ്ടത്. ഒരു നിശ്ചിത എണ്ണം താനുദ്ദേശിക്കുന്ന പക്ഷം 1000 മുതൽ 1600 വരെ മുരീദിന് ഏറ്റെടുക്കാവുന്നതാണ്. ഇനിയും ലക്ഷ്യമാക്കുന്നുണ്ടെങ്കിൽ വർദ്ധിപ്പിക്കുകയുമാവാം. സൂര്യാസ്തമനത്തോട് ഹയ്ലലഃ ചേർന്ന് വരൽ അനിവാര്യമാണ്. ചൊല്ലുന്നത് എണ്ണത്തോട് കൂടിയാണെങ്കിലും അല്ലെങ്കിലും ഇക്കാര്യത്തിൽ ഒരുപോലെയാണ്.

അസ്തമയത്തോട് ചേർന്ന് വരുന്നതിനെ തടയുന്ന മതിയായ കാരണമുള്ള വ്യക്തിക്ക് നിശ്ചിത എണ്ണം ചൊല്ലിയതിന് ശേഷം തന്റെ ആവശ്യങ്ങൾക്കായി നീങ്ങാം. ഹയ്ലലയുടെ സമയം നഷ്ടപ്പെട്ടാൽ അതിനെ ഖദ്വാഅ് വീട്ടപ്പെടേണ്ടതില്ല. കാരണം ഇത് കൊണ്ട് ലക്ഷ്യമാക്കുന്നത് ആഴ്ച തുടങ്ങുന്നതും അവസാനിപ്പിക്കുന്നതും അല്ലാഹുവിന്റെ സ്മരണ കൊണ്ട് ആയിരിക്കണമെന്നതാണ്. അസ്തമയവുമായി യോജിക്കുക എന്നത് രാത്രിയുടെ ഒരു ഭാഗം കൊണ്ടല്ലാതെ സാക്ഷാത്കൃതമാവില്ല. ഇതേ പ്രകാരം തന്നെ തിരുനബി സ്വല്ലല്ലാഹു അലൈഹി വ സല്ലമ തങ്ങൾ അരുൾ ചെയ്ത വെള്ളിയാഴ്ച ദിനത്തിലെ പ്രാർത്ഥനക്കുത്തരം ലഭിക്കുന്ന സമയവുമായി യോജിക്കലും ഇതിലൂടെ വിവക്ഷിക്കുന്നുണ്ട്. അത് അവസാനത്തെ സമയമാണെന്ന് വ്യക്തമാക്കുന്ന ചില സ്വഹാബതിനെ തൊട്ട് വന്നിട്ടുള്ള ഹദീസ് അംഗീകൃതവുമാണ്.

എന്നാൽ വിർദും വളീഫയുമാകട്ടെ, എക്കാലത്തും അവ രണ്ടും വീട്ടപ്പെടേണ്ടതാണ്. ഉപേക്ഷ ആവർത്തിച്ചത് മനഃപൂർവ്വമായാലും മറന്നിട്ടായാലും ശരി. നേർച്ചയെ പോലെ ഏറ്റെടുക്കുന്നതിലൂടെ വിർദ് നിർബന്ധമായിത്തീരുന്ന എന്നതാണ് ഖദ്വാഅ് വീട്ടുന്നതിന്റെ ന്യായം. അപ്രകാരം തന്നെയാണ് വളീഫയും. സുന്നത്തായ കർമ്മങ്ങളിൽ നിന്നും നഷ്ടപ്പെട്ടവ വീണ്ടെടുക്കുന്ന ഗണത്തിലല്ല ഇവകളെ ഖദ്വാഅ് വീട്ടുന്നതെന്ന് സാരം.

മേൽ സൂചിപ്പിച്ച മുഴുവൻ ഔറാദുകളെയും ചൊല്ലുന്നവൻ അനുപേക്ഷണത്തിന്റെ പാതയിലൂടെ ഫാതിഹഃ, സ്വലാതുൽ ഫാതിഹ്, യഖ്‌തീൻ സൂറഃയുടെ അവസാനം

(سُبْحَانَ رَبِّكَ رَبِّ العِزَّةِ عَمَّا يَصِفُونَ وَسَلَامٌ عَلَى المُرْسَلِين وَالحَمْدُ لِلّٰهِ رَبِّ العَالَمِين)

തുടങ്ങിയ കൊണ്ട് ആരംഭിക്കാവുന്നതാണ്. വിർദിലും വളീഫയിലും തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളുടെ മേലുള്ള സ്വലാത്തിൽ നിന്ന് വിരമിച്ചതിന് ശേഷം യഖ്‌തീൻ സൂറതിന്റെ അവസാനം ഓതലും അപ്രകാരം തന്നെയാണ്. ഇവ രണ്ടിലും لَا إِلَهَ إِلَّا اللّٰه എന്ന് നൂറ് തവണ ചൊല്ലിയതിന് പിറകെ

مُحَمَّدٌ رَسُولُ اللّٰه عَلَيْهِ سَلَامُ اللّٰه

എന്ന് പറയാം. ഇനി سَيِّدُنَا مُحَمَّدٌ رَسُولُ اللّٰه എന്നാണ് ചൊല്ലുന്നതെങ്കിൽ അതാണ് നല്ലത്. മുമ്പ് സൂചിപ്പിച്ച എല്ലാ ഔറാദുകളെയും അവസാനിപ്പിക്കുന്നത് അത്യുന്നതവാനായ അല്ലാഹുവിന്റെ വചനം കൊണ്ടാകാവുന്നതാണ് :

إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِي يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَ سَلِّمُوا تَسْلِيمًا

صَلَّى اللَّهُ عَلَيْهِ وَ عَلَى آلِهِ وَصَحْبِهِ وَسَلَّمَ تَسْلِيمًا

سُبْحَانَ رَبِّكَ رَبِّ العِزَّةِ عَمَّا يَصِفُونَ وَسَلَامٌ عَلَى المُرْسَلِين وَالحَمْدُ لِلَّهِ رَبِّ العَالَمِين

പിന്നെ, മുത്തുനബി, പ്രവാചകന്മാർ അലൈഹിമുസ്സ്വലാതു വസ്സലാം, അവിടുത്തെ സ്വഹാബാക്കൾ(റ), സയ്യിദീ അഹ്മദ് തിജാനി(റ), മഹാനവർകളുടെ ത്വരീഖത്തിന്റെ അവകാശികൾ (അല്ലാഹുവിന്റെ പൂർണ്ണതൃപ്തി ഈ മഹാത്മാക്കളുടെ മേലുണ്ടാകട്ടെ) തുടങ്ങിയവരെക്കൊണ്ടെല്ലാം ഇടതേടുന്ന സ്ഥിതിയിൽ താനുദ്ദേശിക്കുന്ന

കാര്യങ്ങൾക്കായി അല്ലാഹുവിനോട് പ്രാർത്ഥിക്കാം. അനന്തരം ഫാതിഹഃ, സ്വലാതുൽ ഫാതിഹ്, അത്യുന്നതവാന്റെ വചനമായ سُبْحَانَ رَبِّكَ رَبِّ العِزَّةِ عَمَّا يَصِفُونَ وَسَلَامٌ عَلَى المُرْسَلِينَ وَالحَمْدُ لِلَّهِ رَبِّ العَالَمِين മുതലായവ കൊണ്ട് അവസാനിപ്പിക്കുന്നതും നല്ലത് തന്നെ.

ഹയ്‌ലലയുടെ ഉടക്കത്തിൽ ഫാതിഹക്ക് ശേഷം أَسْتَغْفِرُ اللَّهَ الْعَظِيمَ الَّذِى لَا إِلَهَ إِلَّا هُوَ الْحَيُّ الْقَيُّومُ, എന്ന് മൂന്ന് വട്ടവും പിന്നെ സ്വലാതുൽ ഫാതിഹ് മൂന്ന് പ്രാവശ്യവും ചൊല്ലുന്നവർ സയ്യിദുനാ(റ)വിന്റെ അനുചരരുടെ കൂട്ടത്തിലുണ്ട്.

സംഗമിക്കൽ, ശബ്ദമുയർത്തൽ, വട്ടംകൂടൽ തുടങ്ങിയവ വലീഫയുടെയും ഹയ്‌ലലയുടെയും നിബന്ധനകളുടെ കൂട്ടത്തിലുണ്ട്. ഒഴിവ്കഴിവുകളൊന്നും ഇല്ലാത്തവരായ തിജാനി സഹോദരങ്ങൾ തങ്ങളുടെ നാട്ടിലുണ്ടെങ്കിലാണിത്. ഇപ്പറഞ്ഞത് പുരുഷന്മാർക്ക് മാത്രമാണ്. എന്നാൽ സ്ത്രീകളാകട്ടെ, അവർ ഹയ്‌ലലയിലോ വലീഫയിലോ വിർദിലോ ശബ്ദമുയർത്താനേ പാടില്ല.

വലീഫഃ, ഹയ്‌ലലഃ എന്നിവയിലെ സംഗമം ഉപേക്ഷിക്കാൻ ഏതൊരു പ്രദേശത്തുകാർ സംയുക്തമായി തീരുമാനമെടുത്താലും അത് ത്വരീഖതിനെ അവഹേളിക്കലായിത്തീരും. ഇത്തരം ത്വരീഖതുമായുള്ള ബന്ധവിച്ഛേദനത്തിലേക്കും അതിൽ നിന്ന് പുറത്തുപോകുന്നതിലേക്കും വഴിതെളിക്കുമെന്ന് സയ്യിദുനാ(റ) ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹ കാക്കട്ടെ.

നിർബന്ധമാക്കപ്പെട്ട നിസ്കാരത്തിനായി തയമ്മും ചെയ്ത വ്യക്തി വലീഫഃ ഓതാനുദ്ദേശിക്കുന്ന പക്ഷം നിസ്കാരത്തിന്റെ തയമ്മും കൊണ്ട് തന്നെ അതോതാവുന്നതാണ്. എന്നാൽ വിർദ് ചൊല്ലാനാണ് കരുതിയതെങ്കിൽ നിസ്കാരത്തിനായി പ്രത്യകം ഒരു തയമ്മും അവൻ നടത്തേണ്ടി വരും. ഇനി നിസ്കാരത്തിന്റെ തയമ്മും കൊണ്ടാണ് വിർദ് ഓതിയതെങ്കിൽ അവൻ വിർദിനെ മടക്കേണ്ടി വരും. വിർദിനെ അപേക്ഷിച്ച് വലീഫയുടെ കാര്യം ലഘുവായതിനാലാണിത്.

ഒരുവൻ വിർദിനായി തയമ്മും നടത്തുകയും വലീഫഃ ഓതാനുദ്ദേശിക്കുകയും ചെയ്താൽ വലീഫക്കായി അവൻ തയമ്മും ചെയ്യേണ്ടി വരും. ഇനിയെങ്ങാനും വിർദിന്റെ തയമ്മും കൊണ്ട് വലീഫഃ ഓതുന്ന പക്ഷം വലീഫക്കായി ഒരു തയമ്മും ചെയ്ത് കൊണ്ട് അതിനെ മടക്കി ഓതേണ്ടതാണ്. വിർദിന് വേണ്ടി തയമ്മും നടത്തിയവന് ഐച്ഛികമായ മുഴുവൻ ഔറാദുകളും നിർവ്വഹിക്കാം. ഇസ്മുൽ അഅ്ലമിനെ ഉദ്ദേശിച്ച് കൊണ്ടുള്ള ഫാതിഹ ഒഴികെ. കാരണം ജലശുദ്ധി കൊണ്ടല്ലാതെ ഇത് പാരായണം ചെയ്യപ്പെടരുത്. വിർദോ വലീഫയോ ചൊല്ലുന്ന അവസരത്തിൽ ജമാഅത് നിസ്കാരത്തിനായി ഇഖാമത് കൊടുക്കപ്പെട്ടുമ്പോഴെല്ലാം അവന് എഴുന്നേൽക്കുകയും നിസ്കരിക്കുകയും ചെയ്യാവുന്നതാണ്. ഇത് തടയുന്ന ഒരു കാര്യവുമില്ല. നിസ്കാരശേഷം ഇടവേള വരാത്ത വണ്ണം ഔറാദിനെ അവൻ പൂർത്തീകരിച്ചാൽ മതി. എന്നല്ല, ഔറാദുകളിലാവണം അവൻ വ്യാപൃതനാവേണ്ടത്. നിസ്കാരാനന്തര കർമ്മങ്ങളിലോ മറ്റുള്ളവയിലോ അല്ല.

രോഗിയും ആർത്തവക്കാരിയും പ്രസവരക്തമുള്ളവളും ഔറാദുകളിൽ ഇഷ്ടം പ്രവർത്തിക്കാവുന്നവരാണ്. അവർക്ക് ഖദാഅ് വീട്ടേണ്ടതില്ല. രോഗി എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ലഘുവായ രോഗമുള്ളവനെയല്ല. അത്തരക്കാരൻ ഔറാദുകൾ ഓതുക തന്നെ വേണം. ഒഴിവാക്കുന്ന പക്ഷം അതിനെ വീണ്ടെടുക്കൽ നിർബന്ധമാണ്.

വിർദിൽ വർദ്ധനവോ കുറവോ ഒരുവൻ സംശയിച്ചാൽ ഏറ്റവും കുറഞ്ഞതിന്റെ മേലായിരിക്കണം അവൻ ആസ്പദമാക്കേണ്ടത്. അതോടൊപ്പം വിർദിന് ശേഷം പിഴവിനുള്ള പരിഹാരം എന്ന ഉദ്ദേശ്യത്തോടെ أَسْتَغْفِرُ اللّٰه എന്ന വചനം കൊണ്ട് നൂറ് വട്ടം അല്ലാഹുവിനോട് മാപ്പിരക്കുകയും ചെയ്യട്ടെ. മറവി മൂലമുള്ള വർദ്ധനവോ കുറവോ ഉറപ്പിച്ചവനും ഇപ്രകാരം പ്രവർത്തിക്കണം. പക്ഷെ, കുറവ് വരുത്തിയവൻ അത് നികത്തിയതിന് ശേഷമായിരിക്കണം പൊറുക്കലിനെ തേടേണ്ടത്. ഇപ്രകാരം തന്നെയാണ് ചില ഘടകങ്ങളെ മുന്തിക്കലിനാൽ മറന്ന് കൊണ്ട് വിപരീതം ചെയ്തവനും. ഉദാഹരണത്തിന് ഒരുവൻ ഇസ്തിഗ്ഫാർ നടത്തിയതിന് ശേഷം لَا إِلَهَ إِلَّا اللّٰه എന്ന ദിക്റിലേക്ക് പ്രവേശിക്കുകയും അതിന് ശേഷം തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളുടെ മേലുള്ള സ്വലാത് ചൊല്ലുകയും ഉരുവിടുകയും ചെയ്യുന്നത് പോലെ. അന്നേരം മുന്തിക്കപ്പെട്ടവ പാഴായിത്തീരുകയും ശരിയായ

നിലയിൽ ചൊല്ലിയതിന്റെ മേൽ എടുത്ത്കൊണ്ട് വരികയും വേണം. ഇസ്തിഗ്ഫാർ, മുത്തുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളുടെ മേലുള്ള സ്വലാത്, പിന്നെ لَا إِلَٰهَ إِلَّا اللَّهُ എന്ന ദിക്ർ ഇതാണ് ക്രമപ്രകാരമുള്ള ശരിയായ നില. അനന്തരം أَسْتَغْفِرُ اللَّهَ എന്നത് നൂറ് വട്ടം ചൊല്ലുക വഴി വീഴ്ച പരിഹരിക്കുകയും വേണം. ഈ ഉദാഹരണത്തിന്റെ മേൽ നീ താരതമ്യം നടത്തുക. ഈ പരിഹാരക്രിയ നിർബന്ധമാണ്. ആരെങ്കിലും മനഃപൂർവ്വം ഇതിനെ ഉപേക്ഷിച്ചാൽ അവന്റെ വിർദ് അസാധുവാകും.

ജമാഅതിലായി വലീഫഃ ചൊല്ലുന്ന ഒരുവന്റെ മറവി ഇമാം ഏറ്റെടുക്കുന്നതാണ്. ഘടകങ്ങളിൽ നിന്നും അവൻ കുറവ് വരുത്തിയതിനെ ഇമാം കൊണ്ട് വന്നിരിക്കണം എന്ന വ്യവസ്ഥയോടെയാണിത്. ഒഴിവാകാനുദ്ദേശിക്കുക വഴി വിർദ് അസാധുവായിത്തീരും. അല്ലെങ്കിൽ കരുതിക്കൂട്ടി ഘടകങ്ങളെ മുന്തിക്കുകയോ പിന്തിക്കുകയോ ചെയ്യുക വഴിയും ഇത് സംഭവിക്കും. കാരണം ഘടകങ്ങളെ ക്രമപ്പെടുത്തൽ നിർബന്ധമാണ്. ഘടകങ്ങളിൽ വർദ്ധനവ് നടത്തുകയോ കുറവ് വരുത്തുകയോ തമാശയാക്കുകയോ സാധുവാകാനുള്ള നിബന്ധനകളിൽ നിന്ന് ഏതെങ്കിലും ഒന്നിനെ ലംഘിക്കുകയോ ശരിയായ ഉച്ചാരണത്തിന് സാധ്യമാകുന്നതോട് കൂടെ അർത്ഥത്തെ വികലമാക്കുന്ന മൊഴിഭേദം നടത്തുകയോ ചെയ്താലും ഔറാദുകൾ നിഷ്ഫലമായിത്തീരും.

ഒരുവൻ പ്രഭാതവിർദിനെ രാത്രിയിൽ മുന്തിക്കുകയും പിന്നീട് താൻ പ്രദോഷവിർദ് ചൊല്ലിയിട്ടില്ല എന്നത് ഓർമ്മ വരുകയും ചെയ്താൽ ഓതിക്കൊണ്ടിരിക്കുന്നതിന്റെ ഇടയിലായാൽ അതിനെയവൻ മുറിക്കേണ്ടതാകുന്നു. ഇനി പൂർണ്ണമാക്കിയിട്ടുണ്ടെങ്കിൽ പ്രഭാതവിർദിനെ തൊട്ട് അത് മതിയാവുന്നതുമല്ല. അന്നേരം പ്രദോഷവിർദിനെ അവൻ ഓതുകയാണ് വേണ്ടത്. കാരണം അത് പ്രദോഷവിർദിന്റെ സമയമാണ്. അനന്തരം പ്രഭാതവിർദിന് വിശാലമാവുന്ന സമയം ശേഷിക്കുന്നുണ്ടെങ്കിൽ തുടക്കം മുതലേ അവന് ആ പ്രഭാതവിവിർദിനെ മുന്തിക്കാവുന്നതാണ്. ഒരാൾ അസ്വർ നിസ്കാരത്തിന് ശേഷം പ്രദോഷവിർദിൽ ഏർപ്പെടുകയും എന്നിട്ട് പ്രഭാതവിർദ് ഓതിയിട്ടില്ലെന്ന കാര്യം ഓർക്കുകയും ചെയ്താൽ അതിനെയവൻ മുറിക്കുക തന്നെ വേണം. ശേഷം പ്രഭാതവിർദിനെയും അനന്തരം പ്രദോഷവിർദിനെയുമാണ് കൊണ്ടുവരേണ്ടത്. പ്രദോഷവിർദ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ കൂടി അതവനിക്ക് മതിയാവുന്നതല്ല. സമയത്തിൽ ഇവ രണ്ടും കൂറാകുന്നതിനാൽ ഈ സ്ഥലത്ത് ക്രമപ്രകാരമാകൽ നിബന്ധനയായത് കൊണ്ടാണ് ഇങ്ങനെ. എന്നാൽ മഗ്‌രിബിന് ശേഷം പ്രദോഷവിർദിൽ ഏർപ്പെടുകയും പിന്നീട് തന്റെ മേൽ പ്രഭാതവിർദ് ഉണ്ടെന്ന കാര്യം ഓർക്കുകയും ചെയ്ത ഒരുവനാകട്ടെ, അത്തരക്കാരൻ പ്രദോഷവിർദിനെ പൂർത്തീകരിക്കേണ്ടതും അതവന് മതിയാകുന്നതുമാണ്. കാരണം പ്രദോഷവിർദിന്റെ സമയമാണ് അന്നേരം. തുടർന്ന് പ്രഭാത വിർദ് ഖദ്വാഅ് വീട്ടാവുന്നതാണ്. ഇപ്രകാരം തന്നെയാണ് സുബ്ഹി നിസ്കാര ശേഷം പ്രഭാതവിർദ് ഓതിക്കൊണ്ടിരിക്കെ തന്റെ മേൽ പ്രദോഷവിർദ് ഉണ്ടെന്ന കാര്യം ഓർത്തവനും. കാരണം അന്നേരം പ്രഭാതവിർദിന്റെ സമയമാണ്. സമയം വിട്ടുകടന്ന ശേഷം ക്രമപ്രകാരമാവൽ നിബന്ധനയാക്കപ്പെട്ടിട്ടില്ല.

ഒരുവൻ ആദ്യസമയത്ത് തന്നെ ഔറാദുകളെ പാരായണം ചെയ്ത് കൊണ്ട് ശ്രേഷ്ഠനാവുകയും സദ്കർമ്മങ്ങളിലേക്ക് കുതിക്കുന്നവരുടെ കൂട്ടത്തിൽ പെടുകയും ചെയ്താൽ അതുകാരണമായി ആത്മീയതുറവടിപ്പാടിലേക്കോ ആത്മീയോന്നതിയിലേക്കോ അല്ലെങ്കിൽ അവ രണ്ടിലേക്കോ വേഗത്തിൽ അവൻ എത്തിപ്പെടുന്നവനായിത്തീരും. വിർദിന്റെ നിബന്ധനകളെ പൂർത്തീകരിക്കുകയും ശേഷം ഖിബ്‌ലക്ക് മുന്നിട്ട് കൊണ്ട് ഇരിക്കുകയും ദിക്റിലാവുന്ന നേരത്ത് ഐഹികലോകവുമായി വ്യാപൃതനാവാതിരിക്കാൻ സ്വന്തത്തെ പരിശീലിപ്പിക്കുകയും ചെയ്യുന്നതുമെല്ലാം ആത്മീയവിജയത്തിലേക്ക് ശീഘ്രമെത്തിക്കുന്ന കാര്യങ്ങളിൽ പെട്ടത് തന്നെ. അതുപോലെ താൻ മരണപ്പെട്ടിരിക്കുന്നുവെന്നും അല്ലാഹുവിന്റെ സമക്ഷത്തിലാണ് താനിപ്പോൾ നിലകൊള്ളുന്നതെന്നും അവൻ സങ്കൽപിക്കണം. നിശ്ചയം പരമസത്യവാൻ അല്ലാഹുവാണെന്നും ഇഹലോകത്തും പരലോകത്തും അവന്റെ സാന്നിധ്യമുണ്ടെന്നും സംശയമേ ഇല്ല. ആയതിനാൽ പ്രസ്തുത ഔന്നത്യവും മാഹാത്മ്യവുമെല്ലാം ഹാജരാക്കൽ ഔറാദുകളിലേർപ്പെടുന്നവന്റെ മേലുള്ള കർത്തവ്യമാണ്. അവന്റെ കൽപനയെ മുറുകെപ്പിടിച്ച നിലയിൽ അല്ലാഹുവിന് വേണ്ടി അല്ലാഹുവിനെ അവൻ സ്മരിക്കട്ടെ. ഒരവസ്ഥയിലായിരിക്കണം ഈ സ്മരണ. ഇനിയെങ്ങാനും നരകാവകാശിയാണ് താനെന്ന കാര്യം സ്ഥിരപ്പെട്ടാൽ തന്നെ അല്ലാഹുവിനോടുള്ള ബാധ്യതകളെ നിറവേറ്റുന്നതും വഴിപ്പെടുന്നതുമായ അവന്റെ അവസ്ഥക്ക് അത് യാതൊരു പ്രതിഫലനവും

ഉണ്ടാക്കാൻ പാടില്ല. അപ്രകാരം തന്നെയായിരിക്കണം പ്രസ്തുത അവസ്ഥയിൽ സ്വർഗ്ഗാവകാശിയാണ് താനെന്ന് ഉറപ്പായാലും. ഉദാഹരണത്തിന് ബദർപോരാളികളെപ്പോലെ...

**നിങ്ങളുടെ രക്ഷിതാവിനോട് നിങ്ങൾ പൊറുക്കലിനെ തേടുക.**
**നിശ്ചയം അവൻ ഏറ്റമേറ്റം പൊറുക്കുന്നവനാകുന്നു.**
(സൂറത്തുന്നൂഹ് - 10)

അല്ലയോ എന്റെ അടിമകളേ... നിങ്ങൾ എന്നോട് പൊറുക്കലിനെ തേടുക. ഞാൻ നിങ്ങൾക്ക് പൊറുത്തുതരുന്നതാണ്... തുടങ്ങിയ അനാദിയായ സംബോധനകളെ തന്റെ ഹൃദയത്തിൽ ഹാജരാക്കാൻ അവൻ ശ്രമിക്കട്ടെ. നിശ്ചയം ഈ സംബോധന ഒരു പ്രത്യക കാലത്തേക്ക് പരിമിതമായതല്ല. അതിനാൽ നിർബന്ധിതമായും ഐച്ഛികമായും എല്ലാ സമയത്തും ഇത് കൊണ്ട് തേടപ്പെടേണ്ടതാണ്. പരിശുദ്ധവാനായ അല്ലാഹുവിന്റെ സന്നിധിയിലാണ് താനുള്ളതെന്നും അവൻ തന്നെ കേൾക്കുകയും കാണുകയും ചെയ്യുന്നുണ്ടെന്നും താൻ അനുഗ്രഹമുടയവും അത്യുന്നതനുമായ അവന് ഉത്തരം ചെയ്യുകയാണെന്നും അവൻ ധ്യാനിക്കണം. തന്നോട് സംസാരത്താൽ മുന്നിട്ടതിലൂടെ തന്നെയവൻ ആദരിക്കുകയാണ് ചെയ്തതെന്നും അവന്റെ അനാദിയായ സംബോധനക്ക് ഉത്തരം ചെയ്യാൻ ഉദവി നൽകിയതിലൂടെ തന്നെയവൻ അനുഗ്രഹിച്ചുവെന്നും പ്രസ്തുത അനുഗ്രഹത്തിന്റെ മേലും ദൈവീകമായ എല്ലാ ആശിസ്സുകൾക്കും പകരമായി ആ അത്യുന്നതകാര്യത്തിനുടമയായവന് സ്തുതി കളർപ്പിക്കുന്നതിനെ തൊട്ട് താൻ അശക്താനാണെന്നും അവൻ നിരീക്ഷിക്കേണ്ടതാണ്.

തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളുടെ മേൽ സ്വലാത് ചൊല്ലുന്ന അവസരത്തിലും മേൽപ്രകാരം തന്നെ അവൻ ഹാജരാക്കട്ടെ.

**നിശ്ചയം അല്ലാഹുവും അവന്റെ മലക്കുകളും നബിയുടെ മേൽ ആദരാനുഗ്രഹം ചൊരിയുന്നു.**
**അല്ലയോ സത്യവിശ്വാസികളായവരേ... അവിടുത്തെ മേൽ നിങ്ങളും ആദരാനുഗ്രഹങ്ങൾ**
**തേടുകയും അഭിവാദ്യം അർപ്പിക്കുകയും ചെയ്യുക.**
(സൂറത്തുൽ അഹ്സാബ് - 56)

എന്ന പരിപാവനമായ അനാദിയായ സംബോധനക്ക് പ്രത്യുത്തരം നൽകുകയാണെന്നും അവൻ വീക്ഷിക്കേണ്ടതാണ്. അനന്തരം അവൻ ചൊല്ലിത്തുടങ്ങണം ....اَللَّهُمَّ صَلِّ عَلَى سَيِّدِنَا مُحَمَّدٍ. ഇപ്രകാരം ദിക്ർ ചൊല്ലുന്ന അവസരത്തിൽ

**നിങ്ങളെന്നെ സ്മരിക്കുക. ഞാൻ നിങ്ങളെ സ്മരിക്കുന്നതാണ്**
(സൂറത്തുൽ ബഖറഃ - 152)

എന്ന അല്ലാഹുവിന്റെ വചനത്തെ അവൻ ശ്രദ്ധിക്കേണ്ടതാണ്. എന്നിട്ട് അവൻ മൊഴിഞ്ഞു തുടങ്ങുക ...لَا إِلَهَ إِلَّا اللّٰهُ. അങ്ങനെ അത്യുന്നതനും പരിശുദ്ധനും നിരീക്ഷകനും സമീപസ്ഥനും രാജാധിരാജനുമായ അല്ലാഹുവിന്റെ മുന്നിൽ സദാസമയവും സന്നിഹിതനായിരിക്കണം അവൻ.

പരിശുദ്ധമായ പ്രസ്തുത സന്നിധിയിൽ നിന്ന് പുറത്ത് കടക്കുന്നതിനെ തൊട്ടും മറ്റുള്ളവയിലേക്ക് ശ്രദ്ധതിരിക്കുന്നതിനെ തൊട്ടും അവൻ സൂക്ഷിച്ച് കൊള്ളട്ടെ. പിശാചും ദേഹവും തങ്ങളിലേക്ക് നീങ്ങാനായി പ്രേരിപ്പിക്കുമ്പോഴെല്ലാം ലക്ഷ്യത്തെ സജീവമാക്കിക്കൊണ്ട് അവയോട് തീവ്രപോരാട്ടം അവൻ നടത്തേണ്ടതാണ്. അത്യുന്നതവാനായ അല്ലാഹുവിലേക്ക് വളരെ വേഗത്തിൽ മടങ്ങുകയും വേണം. തന്റെ ആത്മാവ് അല്ലാഹുവിലേക്ക് ഇണങ്ങിച്ചേരുന്നതിലൂടെ ആസ്വാദനം കൊള്ളട്ടെ. കാരണം ദൈവികദർശനം തെളിയാനുള്ള തയ്യാറെടുപ്പുകളുടെ തുടക്കമാണ് ഇക്കാര്യം.

# സയ്യിദുനാ(റ)വിന്റെ വംശപരമ്പര

**തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളിലേക്കെത്തുന്ന സയ്യിദുനാ(റ)വിന്റെ വംശപരമ്പര**

ശൈഖ്(റ)വിന്റെ വംശപരമ്പര നിനക്ക് നാം പറഞ്ഞ് തരാം. അത്യുന്നതമായ മഹത്വങ്ങളിലൊന്നാണിത്. കാരണം, വിശുദ്ധമായ ആ വടവൃക്ഷത്തിന്റെ ഒരു ശാഖയാണ് ബഹുമാനപ്പെട്ടവർ. പരിശുദ്ധവും പരിപാവനവുമായ പ്രസ്തുത ഉറവിടമാകട്ടെ, റസൂലുല്ലാഹി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളും.

**മൗലാനാ അബുൽ അബ്ബാസ് സയ്യിദീ അഹ്മദ് (റ)**

ബ്നു - അബൂ ഉമർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന - മഹമ്മദ് (റ)

ബ്നു മുഖ്താർ (റ)

ബ്നു അഹ്മദ് (റ)

ബ്നു മുഹമ്മദ് (റ)

ബ്നു സാലിം (റ)

ബ്നു അൽ ഈദ് (റ)

ബ്നു സാലിം (റ)

ബ്നു - അൽ അലവാനി എന്ന സ്ഥാനപ്പേരിലറിയപ്പെട്ട - അഹ്മദ് (റ)

ബ്നു അഹ്മദ് (റ)

ബ്നു അലിയ്യ് (റ)

ബ്നു അബ്ദില്ലാഹ് (റ)

ബ്നു അൽ അബ്ബാസ് (റ)

ബ്നു അബ്ദിൽ ജബ്ബാർ (റ)

ബ്നു ഇദ്രീസ് (റ)

ബ്നു ഇദ്രീസ് (റ)

ബ്നു ഇസ്ഹാഖ് (റ)

ബ്നു സയ്നുൽ ആബിദീൻ (റ)

ബ്നു അഹ്മദ് (റ)

ബ്നു മുഹമ്മദ് (റ)

ബ്നു അൽ ഹസനുൽ മുസന്നാ (റ)

**ബ്നു അൽ ഹസൻ അസ്സിബ്ത്വ് (റ)**

**ബ്നു അലി ബ്നു അബീ ത്വാലിബ് (ക)**

**സ്വർഗ്ഗാവകാശികളായ മഹിളാരത്നങ്ങളുടെ നേതാവായ സയ്യിദഃ ഫാതിമഃ അസ്സഹ്റാഅ് (അ) വഴി സൃഷ്ടികളിലേറ്റവും ഉത്തമരും ഇവരുടെയൊക്കെ സാരഥിയുമായ റസൂലുല്ലാഹി സയ്യിദുനാ മുഹമ്മദ് സ്വല്ലല്ലാഹു അലൈഹി വസല്ലം.**

# സയ്യിദുനാ(റ)വിന്റെ ത്വരീഖത്തിലെ ശൃംഖല

മഹാനവർകളുടെ വംശപരമ്പര നീ അറിഞ്ഞ് കഴിഞ്ഞു. ഇനി ആത്മീയപരമ്പര നമുക്കിവിടെ പ്രതിപാദിക്കാം. ആത്മീയശിക്ഷണത്തിലുള്ള ശൈഖ്(റ)വിന്റെ ശൃംഖലയാണിത്. തന്റെ പ്രാരംഭകാലത്ത് നിരവധി ശൈഖുമാരുമായി സയ്യിദുനാ(റ) സഹവാസം പുലർത്തിയിരുന്നു. അവരുമായുള്ള സഹവാസത്തിലൂടെ പ്രാപ്യമാക്കേണ്ടവയൊക്കെ കരസ്ഥമാക്കിയെങ്കിലും അവയൊന്നും മഹാനവർകളെ തൃപ്തിപ്പെടുത്തിയില്ല. അങ്ങനെ അത്യുന്നതവാനും അനുഗ്രഹമുടയവുനുമായ അല്ലാഹുവിന് ആരാധന ചെയ്യുന്നതിലും തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളുടെ മേലുള്ള സ്വലാത് അധികരിപ്പിക്കുന്നതിലുമായി സയ്യിദുനാ(റ) ഭജനമിരുന്നു. മുത്തുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളുടെ മേലുള്ള സ്വലാത്, ഒരു ശൈഖിനെ കൂടാതെ തന്നെ ലക്ഷ്യപ്രാപ്തി നേടിത്തരുന്നതാണ് എന്നത് ഈ വിഷയത്തിന്റെ അവകാശികളുടെ അടുക്കൽ അറിയപ്പെട്ട ഒരു വസ്തുതയാണ്.

**ആരെങ്കിലും എന്റെ മേൽ പത്ത് സ്വലാത് ചൊല്ലുന്ന പക്ഷം**
**തൽഫലമായി അവന്റെ മേൽ പത്ത് വട്ടം അല്ലാഹു സ്വലാത് വർഷിപ്പിക്കുന്നതാണ്.**

എന്ന തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളെ തൊട്ട് വന്നിട്ടുള്ള സ്വഹീഹായ ഹദീസാണ് ഇതിന്റെ അടിസ്ഥാനം. അബ്ദുല്ലാഹ് ബ്നു അംറ് ബ്നുൽ ആസ്വ്(റ)വിനെ തൊട്ടാണ് ഇമാം മുസ്‌ലിം തന്റെ സ്വഹീഹിൽ ഈ ഹദീസ് നിവേദനം ചെയ്തിരിക്കുന്നത്. ഇതേ രൂപത്തിലുള്ള ഹദീസ് അബൂഹുറൈറഃ(റ)തൊട്ടും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

മുത്തുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളുടെ മേൽ സ്വലാത് ചൊല്ലുന്നവരുടെ മേലായി മലക്കുകൾ അനുഗ്രഹപ്രാർത്ഥന നടത്തുന്നു എന്ന് പ്രബലമായ ഹദീസുണ്ട്. അനുഗ്രഹത്തിനുടമയും അത്യുന്നതവാനുമായ അല്ലാഹു അരുളുന്നു:

**അവൻ നിങ്ങളുടെ മേൽ ആദരാനുഗ്രഹം ചൊരിയുന്നവനാണ്. അതോടൊപ്പം മലക്കുകളും.**
**തമസ്സിൽ നിന്ന് ജ്യോതിസ്സിലേക്ക് അവൻ നിങ്ങളെ ആനയിക്കുന്നതിന് വേണ്ടിയാണിത്.**
(സൂറത്തുൽ അഹ്സാബ് - 43)

അഥവാ ധിക്കാരത്തിന്റെ അന്ധകാരത്തിൽ നിന്ന് അനുസരണയുടെ വെളിച്ചത്തിലേക്കും, തിരശ്ശീലയുടെ തമസ്സിൽ നിന്ന് ഉറസ്സിന്റെ തെളിച്ചത്തിലേക്കും.

തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളുടെ മേലുള്ള സ്വലാതിന്റെ പാതയിലൂടെ ലക്ഷ്യപ്രാപ്തി കൈവരിച്ച ധാരാളം വ്യക്തിത്വങ്ങൾ ഔലിയാക്കളുടെ കൂട്ടത്തിലുണ്ട്. അല്ലാഹുവിന്റെ തൃപ്തി ഈ മഹാത്മാക്കളുടെ മേലുണ്ടാകട്ടെ. ശൈഖ് നൂറുദ്ദീൻ അശ്ശൂനി(റ), അൽ ആരിഫുൽ മത്ബൂലി(റ), സയ്യിദീ അബ്ദുർ റഹീം അൽ ഖനാഈ(റ) ഉടങ്ങി മറ്റ് പലരും ഈ ഗണത്തിൽ പെട്ടവരത്രെ.

ശൈഖ്(റ)വിന്റെ കാര്യവും ഇത്തരത്തിൽ തന്നെ ഉടർന്ന് പോകുകയായിരുന്നു. അങ്ങനെ അവരുടെ മുന്നിൽ തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലം പ്രത്യക്ഷരാകുകയും ബഹുമാനപ്പെട്ടവരെ അവിടുന്ന് തെരഞ്ഞെടുക്കുകയും സവിശേഷമായ ആത്മശിക്ഷണത്തിലൂടെ മഹാനവർകളുടെ നിയന്ത്രണം അവിടുന്ന് ഏറ്റെടുക്കുകയും അഭ്യസിക്കേണ്ടവ ചൊല്ലിക്കൊടുക്കുകയും ചെയ്തു. ഇതിന് മുമ്പ് സ്വലാതുൽ ഫാതിഹ് കൊണ്ടായിരുന്നു സയ്യിദുനാ(റ) സ്വലാത് ചൊല്ലിയിരുന്നത്. പിന്നീടിത് ഉപേക്ഷിക്കുകയും ഈ വചനത്തിൽ ഏർപ്പെടുകയും ചെയ്തു.

اَللّٰهُمَّ صَلِّ عَلَى سَيِّدِنَا مُحَمَّدٍ وَ عَلَى آلِهِ صَلَاةً تَعْدِلُ جَمِيعَ صَلَوَاتِ أَهْلِ مَحَبَّتِكَ ,
وَ سَلِّمْ عَلَى سَيِّدِنَا مُحَمَّدٍ وَ عَلَى آلِهِ سَلَامًا يَعْدِلُ سَلَامَهُمْ.

അപ്പോൾ ശൈഖവർകളോട് സ്വലാതുൽ ഫാതിഹിൽ തന്നെ വ്യാപൃതനാവാൻ തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ കൽപിച്ചു. അനന്തരം ഇസ്തിഗ്ഫാർ, മുത്തുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളുടെ മേലുള്ള സ്വലാത് തുടങ്ങിയവ കൊണ്ട് തൽഖീൻ ചൊല്ലിക്കൊടുക്കാൻ ആജ്ഞാപിക്കുകയും ചെയ്തു. ഈ സമയത്ത് മഗ്-രിബ് പ്രദേശങ്ങളിലെ പ്രസിദ്ധമായ ഷലാലഃ, അബൂസംഗൻ തുടങ്ങിയ മരുഭൂമികളിലായിരുന്നു സയ്യിദുനാ(റ). പിന്നീട് തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ ഹയ്ലല കൊണ്ട് മഹാനവർകൾക്ക് വിർദ് പൂർത്തീകരിച്ച് കൊടുത്തു. അവിടുത്തെ പവിത്രമായ ആത്മാവ് സയ്യിദുനാ(റ)വിലേക്ക് ആത്മീയസഹായം ഒഴുക്കിക്കൊണ്ടിരിക്കുകയും മഹാനവർകളുമായി നിരന്തരസമ്പർക്കം പുലർത്തുകയും ചെയ്തു കൊണ്ടേയിരുന്നു. അങ്ങനെ തനിക്കായി മാറ്റിവെക്കപ്പെട്ട ഒരു പദവിയിലേക്ക് സയ്യിദുനാ(റ)വിന് എത്തിച്ചേരാനായി. പരമസത്യവാൻ തന്റെ തൃപ്തിയാലും ഔദാര്യത്താലും ശൈഖവർകൾക്ക് അവകാശമാക്കിക്കൊടുത്ത ഒരു മഹത്സ്ഥാനമായിരുന്നു അത്.

സൂക്ഷമജ്ഞരായ പണ്ഡിതമഹത്തുക്കളുടെ അടുക്കൽ ഇത്തരം ആത്മീയശിക്ഷണത്തിന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത് തർബിയ്യഃ റൂഹാനിയ്യഃ എന്നോ തർബിയ്യഃ ഉവൈസിയ്യഃ എന്നോ ആണ്. കാരണം ഉവൈസ്(റ)വിനെ തർബിയഃ ചെയ്യപ്പെട്ട നിലയിൽ തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമയുടെ പവിത്രമായ ആത്മാവാണ് ആത്മീയശിക്ഷണം ചെയ്യുന്നത്. ശാരീരികമായ സംഗമത്തിലൂടെ മുത്തുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ ബന്ധപ്പെട്ടിട്ടുമില്ല.

റൂഹാനിയ്യായ ആത്മീയശിക്ഷണത്തിൽ രണ്ട് റൂഹുകളും ഒരുമിച്ച് കൂടണമെന്നതല്ലാതെ മറ്റൊരു നിബന്ധനയുമില്ല. രണ്ട്പേരും ഒരുമിച്ചോ അല്ലെങ്കിൽ അവരിലൊരാളോ ഐഹികലോകത്തോ മറ്റെവിടെയെങ്കിലോ ആയാലും ഇക്കാര്യത്തിൽ സമമാണ്. ഇഹലോകത്തുള്ളവരുമായി പരലോകത്തുള്ളവർക്ക് യാതൊരു ബന്ധവുമില്ല എന്ന് ജൽപിക്കുന്ന വിവരദോഷികളുടെ വാദങ്ങളെ മുഖവിലക്കെടുക്കേണ്ടതില്ല. നിരർത്ഥകമായ ഒരു വാദം മാത്രമാണത്. അല്ലാഹുവിന്റെ ഉടമസ്ഥാവകാശം നിസ്തുലമാണ്. മരിച്ചവരുടെ ആത്മാവ് അല്ലാഹുവിന്റെ നിയന്ത്രണത്തിൽ നിന്ന് പുറത്തുപോവുകയില്ല. പൂർണ്ണമായ നാശം അടയുകയുമില്ല. ഒരു ഗേഹത്തിൽ നിന്ന് മറ്റൊരു ഗേഹത്തിലേക്ക് നീക്കം ചെയ്യപ്പെടുക മാത്രമാണുണ്ടാകുന്നത്. അത്യുന്നതവാനും പ്രതാപവാനുമായ അല്ലാഹു അറിയുന്ന നിലയിൽ പ്രപഞ്ചത്തിൽ അത് നിലനിന്ന് കൊണ്ടേയിരിക്കും. ജീവനുള്ള ആത്മാവ് സ്വപ്നത്തിൽ മരണപ്പെട്ട ആത്മാക്കളോടൊപ്പം സംഗമിക്കുമെന്നത് സ്ഥിരപ്പെട്ട വസ്തുതയാണ്. ഏതൊരുവൻ ഉറക്കത്തിൽ അവരെ സമ്മേളിപ്പിക്കുന്നവോ, അവൻ ഉണർച്ചയിലും അവരെ ഒരുമിച്ച് കൂട്ടുന്നതാണ്. അവന്റെ അധികാരത്തിന് ചുവട്ടിലാണ് അണ്ഡകടാഹത്തിലെ മുഴുവൻ വസ്തുക്കളും. ഒരു മുസ്ലിമിന്റെ സലാം മരണപ്പെട്ടവൻ കേൾക്കുമെന്നും അതിന് പ്രത്യുത്തരം ചെയ്യുമെന്നതും യാഥാർത്ഥ്യം തന്നെ. മാത്രമല്ല ജീവിച്ചിരിക്കുന്നവനെ അലോസരപ്പെടുത്തുന്ന കാര്യങ്ങൾ മരണപ്പെട്ടവനും ശല്യമാണെന്നതും സ്ഥിരീകരിക്കപ്പെട്ടതത്രെ.

മേൽപ്പറയപ്പെട്ട നിഷേധികളായ വിഭാഗം, യാഥാർത്ഥ്യങ്ങളെ ദർശിക്കുന്നതിനെ തൊട്ട് മറയിടപ്പെട്ടവരാണ്. അബദ്ധം പിണഞ്ഞ ധാരണകളെ മാത്രമാണ് അവർ വിധിക്കുന്നത്. അവരുടെ പ്രസ്താവനകളിലേക്ക് ശ്രദ്ധിക്കപ്പെടാതിരിക്കട്ടെ. കാരണം അതീവനിരർത്ഥകങ്ങളിലേക്ക് വേരൂന്നിയതാണവരുടെ പ്രസ്-താവനകളൊക്കെത്തന്നെയും. നോക്കൂ... നമ്മുടെ കൂടെ മലക്കുകൾ ലോകത്ത് ഉണ്ടായിട്ടും നമുക്കവരെ ദർശിക്കാനാകുന്നില്ല. അത് പോലെ പതിവിന് വിപരീതമായിട്ടല്ലാതെ ജിന്നുകളെയും നമുക്ക് കാണാനാകുന്നില്ല. ഇതേപ്രകാരം പരലോകസ്ഥരായ ആളുകളുമായി സംഗമിക്കുന്നതും അപൂർവ്വസംഭവമാണ്. ബൗദ്ധികമായും മതകീയമായും സ്വീകാര്യമായ കാര്യമാണിത്. നീതിമാന്മാരും വിശ്വസനീയരും ഇത് സംഭവിക്കാമെന്ന് അറിയിച്ച് തന്നിട്ടുമുണ്ട്. അവ അംഗീകരിക്കുന്നതിൽ നിന്ന് രക്ഷപ്പെടാനുള്ള ഒരു മാർഗ്ഗവും നീതിനിഷ്ഠന് ഉണ്ടാവുകയില്ല.

ഈ മഹാത്മാവിന്റെ ലക്ഷ്യപ്രാപ്തിയുടെ മാർഗ്ഗം നിനക്കിപ്പോൾ വ്യക്തമായിക്കഴിഞ്ഞു. അവിടുത്തെ ആസ്പദം തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തന്നെയാണ്. സയ്യിദുനാ(റ) പ്രഖ്യാപിക്കുന്നു:

**നിശ്ചയം, നാം എണ്ണമറ്റ ആത്മീയഗുരുനാഥന്മാർക്ക് - ഇവരെത്തൊട്ട് അല്ലാഹു തൃപ്തിയടയട്ടെ - ശിഷ്യപ്പെട്ടു. പക്ഷെ അവരിൽ നിന്നും ലക്ഷ്യസമ്പാദനത്തിന് അല്ലാഹു വിധി നൽകിയില്ല. ഈ ആത്മീയസരണിയിലെ നമ്മുടെ ആസ്പദവും അവലംബവുമെല്ലാം തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമയോട് മാത്രമാണ്. നമ്മുടെ പ്രാപ്തിയും ആത്മീയവിജയവും അവിടുത്തെ കരങ്ങളിലൂടെയാണ് അല്ലാഹു നടപ്പിലാക്കിയത്. അവിടുന്നല്ലാത്ത മറ്റ് മഷാഇഖുമാർക്ക് നമ്മിൽ യാതൊരു നിയന്ത്രണവുമില്ല. അവിടുന്ന് നമുക്ക് മതിയായവരത്രെ.**

ഇതിലെ മുഴുവൻ മുരീദുമാരും ശൈഖ്(റ)വിനെ അനന്തരമെടുക്കും എന്നത് ഈ ത്വരീഖത്തിന്റെ സവിശേഷഗുണങ്ങളിൽ പെട്ടതാണ്. മഹാനവർകളുടെ പദവികളിൽ നിന്ന് ഒരു വിഹിതം മുരീദിനും ലഭിക്കും. **ജാമിഉൽ കറാമാതിൽ ഔലിയ** എന്ന തന്റെ ഗ്രന്ഥത്തിൽ സയ്യിദുനാ(റ)വിന്റെ ജീവചരിത്രം വിവരിക്കുന്നിടത്ത് സയ്യിദീ അഹ്മദ് ബ്നു ഇദ്‌രീസ്(റ)വിന്റെ ഏറ്റവും ഉന്നതരായ ഖലീഫമാരിൽ പെട്ടവരാണ് ശൈഖ് തിജാനി(റ)വെന്ന് അൽ ഉസ്താദ് ശൈഖ് നബ്ഹാനി(റ) പ്രസ്താവിച്ചിട്ടുണ്ട്. ഇത് വാസ്തവമല്ല. കാരണം അദ്ദേഹം തന്നെ സയ്യിദീ അഹ്മദ് ബ്നു ഇദ്‌രീസ്(റ)വിന്റെ ചരിത്രം പറയുന്നിടത്ത് മഹാനവർകൾ വെളിവായത് ഹിജ്റഃ പതിമൂന്നാം നൂറ്റാണ്ടിലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സയ്യിദീ അഹ്മദ് തിജാനി(റ)വാകട്ടെ ജനിച്ചത് ഹിജ്റഃ പന്ത്രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ്. ഇതേ നൂറ്റാണ്ടിൽ തന്നെയാണ് ശൈഖവർകൾ പ്രസിദ്ധനാകുന്നതും. ഇതിനാൽ സയ്യിദീ അഹ്മദ് ബ്നു ഇദ്‌രീസ്(റ)വിന്റെ മുൻഗാമിയാണ് സയ്യിദുനാ(റ). എന്ന് മാത്രമല്ല അവരുടെ ത്വരീഖത്തിന്റെ വക്താക്കളിൽ സയ്യിദുനാ(റ) പെട്ടിട്ടുമില്ല.

സയ്യിദുനാ(റ)വിന്റെ ത്വരീഖത്തിന്റെ വക്താക്കളല്ലാത്തവരായ മഹാനവർകളുടെ ജീവചരിത്രരചന നടത്തിയ ചിലരുടെ പ്രസ്താവനകൾ നമുക്കിവിടെ പരാമർശിക്കാം. **താരീഖുൽ ഇസ്തിഖ്സ്വാ ഫീ അഖ്ബാരിൽ മഗ്‌രിബിൽ അഖ്സ്വാ** എന്ന ഗ്രന്ഥത്തിന്റെ നാലാം ഭാഗത്ത് നൂറ്റി മുപ്പത്തി എട്ടാം താളിൽ മൗലായ് സുൽത്വാൻ സുലൈമാൻ(റ)വിന്റെ വാർത്തകളുടെ സന്ദർഭത്തിനിടയിൽ ഇപ്രകാരം വ്യക്തമാക്കിയിരിക്കുന്നു :

“ശൈഖ് തിജാനി(റ)വുമായി മൗലായ് സുൽത്വാൻ സുലൈമാൻ(റ) ഒരുമിച്ച് കൂടുകയും അവിടുത്തെ ഗാംഭീര്യത, വൈജ്ഞാനിപങ്കാളിത്തം തുടങ്ങിയവയെ ദർശിക്കുകയും ചെയ്തപ്പോൾ സുൽത്വാൻ(റ) ശൈഖവർകളെ ഏറ്റെടുക്കുകയും വിശ്വാസമർപ്പിക്കുകയും തന്റെ നിരീക്ഷണ വലയത്തിൽപ്പെട്ട ഒരു ഭവനത്തെ മഹാനവർകൾക്ക് നൽകുകയും ചെയ്തു. സുൽത്വാൻ ഇത് പണികഴിപ്പിച്ചിരുന്നത് ഇരുപതിനായിരത്തോളം മിസ്കാൽ ചിലവഴിച്ചായിരുന്നു. ഇതിന് പുറമെ ശൈഖ്(റ)വിന് മതിയാവുന്നത്ര വേതനം നിശ്ചയിക്കുകയുമുണ്ടായി. അങ്ങനെ ജനങ്ങളെല്ലാം മഹാനവർകളിലേക്ക് മുന്നിട്ട് വരുകയും ഫാസിലും മഗ്‌രിബിലും അവിടുത്തെ വിവരങ്ങൾ പ്രസിദ്ധമായിത്തീരുകയും ചെയ്തു. അവിടുന്ന് തിജാനിയ്യഃ വിഭാഗത്തിന്റെ അധിപതിയാണ്. അല്ലാഹു അവരിൽ കരുണ ചൊരിയട്ടെ. അവരെക്കൊണ്ട് അല്ലാഹു നമുക്ക് ഉപകാരലബ്ധിയുമുണ്ടാക്കിത്തരട്ടെ”

പ്രസ്തുത വർഷത്തിൽ ശൈഖവർകൾ മരണപ്പെട്ട വിവരവും ഇതേ ഭാഗത്തിന്റെ നൂറ്റി അമ്പതാം പേജിൽ തന്നെ പരാമർശിക്കുന്നുണ്ട്. ഗ്രന്ഥകർത്താവ് പറയുന്നു :

“പണ്ഡിതനും ആത്മജ്ഞാനിയും ആത്മീയനേതാവും തിജാനിയ്യഃ വിഭാഗത്തിന്റെ അധിപതിയുമായ ശൈഖ് അബുൽ അബ്ബാസ് അഹ്മദ് തിജാനി(റ) നിര്യാതനായി. അന്ത്യം സുരക്ഷിതമായ ഫാസിൽ വെച്ചായിരുന്നു....”

അൽ ഉസ്താദ് നബ്ഹാനി(റ) തന്റെ ജാമിഉൽ കാറാമാതിൽ ഔലിയ എന്ന കിതാബിൽ സയ്യിദുനാ തിജാനി(റ)വിന്റെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. മഹാനവർകൾ പറയുന്നു :

“ഈ മഹാത്മാവ് ആത്മജ്ഞാനികളുടെ നേതാവും, അത്യപൂർവ്വരും ഉത്കൃഷ്ടരും അത്യുന്നതസാമീപ്യം സിദ്ധിച്ചവരുമായ ഔലിയാക്കളിലൊരാളുമാണ്. മഹാനവർകളുടെ ഖലീഫയായ സയ്യിദീ അലി ഹറാസിം ബ്നുൽ

അറബി അൽ ബർറാദഃ അൽ ഫാസി(റ) മേലുദ്ധരിച്ച അവരുടെ ശൈഖിന്റെ മാഹാത്മ്യങ്ങളെയും ജീവചരിത്രത്തെയും സംബന്ധിച്ച് രചിച്ചിട്ടുള്ള തന്റെ കിതാബായ ജവാഹിറുൽ മആനി എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നു. "സയ്യിദുനാ(റ) കഠിനാധ്വാനികളായ പണ്ഡിതരിലും സന്മാർഗ്ഗാവലംബങ്ങളായ നേതാക്കാളിലും പെട്ടവരാണ്. പരിശുദ്ധ ദീനിന്റെയും അതിന്റെ അകക്കാമ്പുകളുടെയും വിജ്ഞാനങ്ങളുടെയും പ്രവർത്തനങ്ങളുടെയും മഹത്വങ്ങളെ മേളിച്ചവരിലും ഉൾപ്പെട്ടവരാണ്. കൂടാതെ അതിമഹത്തായ ദൈവികാവസ്ഥകളുടെയും ഉത്കൃഷ്ഠമായ അത്യുന്നത പദവികളുടെയും ആത്മീയമായ ഉയർന്ന മനക്കരുത്തിന്റെയും പരമ കാരുണികമായ സംശുദ്ധ സ്വഭാവങ്ങളുടെയും സുപ്രസിദ്ധമായ പ്രവാചകചര്യാനുധാവനസരണിയുടെയും ലദുന്നിയായ ജ്ഞാനത്തിന്റയും ദുർലഭവും കൈമോശപ്പെട്ടതുമായ ദൈവികരഹസ്യങ്ങളുടെയും അസാധാരണ സംഭവങ്ങളുടെയും അതിശയകരമായ കറാമത്തുകളുടെയുമൊക്കെ ശ്രേഷ്ഠതകളെ ഒരുമിച്ച് കൂട്ടിയവരുമത്രെ. അതോടൊപ്പം സർവ്വസമ്പന്നനായ ഖുത്വബും സഹായം ചൊരിയുന്നവരായ ഗൗസും പരമകാരുണികനാൽ അനന്തരമെടുക്കുന്നവരും ദൈവികസാന്നിധ്യം സിദ്ധിച്ചവരായ നേതാവുമാണ്..." ഇങ്ങനെ സൗന്ദര്യത്താലും മഹത്വത്താലുമുള്ള വിശേഷണങ്ങളിൽ നിന്നും ശൈഖ് അലി ഹറാസിം(റ) സയ്യിദുനാ(റ)വിനെ വർണ്ണിച്ചതിന്റെ അവസാനം വരെയും നീ വായിക്കുക. ഈ വിശേഷണങ്ങൾക്കും ഇതിനു മുകളിലുള്ളതിനും അർഹൻ തന്നെയാണ് മഹാനവർകൾ. മഗ്‌രിബ് ദേശങ്ങളിലും സുഡാനിലും ആഫ്രിക്കയുടെ സർവ്വഭാഗങ്ങളിലും ബഹുമാനപ്പെട്ടവരുടെ ത്വരീഖത്ത് വ്യാപിച്ചു കിടക്കുന്നു. മറ്റൊരു ത്വരീഖത്തും പ്രചാരം നേടാത്തത്രയും വ്യാപനമാണ് ഈ ഭാഗങ്ങളിലൊക്കെയും സംഭവിച്ചിരിക്കുന്നത്. അതിമഹത്തായ ഗുണഫലങ്ങളും സമ്പൂർണ്ണമായ മാർഗ്ഗദർശനവും ഇതിലൂടെ കരസ്ഥമാകുന്നുണ്ട്. സയ്യിദുനാ(റ)വിന്റെ ജീവചരിത്രത്തിന്റെ മേലും അവിടുത്തെ ത്വരീഖത്തിന്റെ മേലും അതുമായ ബന്ധപ്പെട്ട അപൂർവ്വമായ നേട്ടങ്ങളുടെ മേലും നിരീക്ഷണം നടത്താൻ ഒരുവൻ ഉദ്ദേശിച്ചാൽ മേൽപ്രസ്താവിക്കപ്പെട്ട **ജവാഹിറുൽ മആനി** എന്ന കിതാബും ഇതിന്റെ വശങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട മഹാനവർകളുടെ ഖലീഫയുടെ ഖലീഫയായ സയ്യിദീ ഉമർ അൽ ഫൂതി(റ)വിന്റെ **രിമാഹ്** എന്ന കിതാബും അവന് പാരായണം ചെയ്യാവുന്നതാണ്. ഈ മഹാത്മാക്കളുടെയെല്ലാം അനുഗ്രഹം കൊണ്ട് അല്ലാഹു നമുക്ക് ഉപകാരം ചെയ്യട്ടെ... ആമീൻ"

ശൈഖ് ഉമർ റിയാഹി തുനൂസി(റ) തന്റെ പിതാമഹനായ അല്ലാമഃ ഇമാം ശൈഖ് ഇബ്റാഹിം റിയാഹി(റ)വിന്റെ ജീവചരിത്രം വിവരിക്കുന്ന **തഅ്ത്വീറുന്നവാഹീ** എന്ന തന്റെ കൃതിയിൽ പറയുന്നു :

"ശൈഖ് റിയാഹി(റ) ഫാസ് നഗരത്തിലെത്തിച്ചേർന്നപ്പോൾ ആദ്യമായി നീങ്ങിയത് സയ്യിദുനാ ഖുത്വബുൽ മക്തൂം തിജാനി(റ)വിന്റെ വസതിയിലേക്കായിരുന്നു. അല്ലാഹു അവരെക്കൊണ്ട് നമുക്ക് ഉപകാരം ചെയ്യട്ടെ. അങ്ങനെ മഹാനവർകൾ പ്രവേശനാനുമതി തേടിയ നേരം സേവകൻ ഉത്തരം നൽകിക്കൊണ്ട് ചോദിച്ചു: "താങ്കളാണോ തുനൂസ്കാരനായ ഇബ്റാഹീം റിയാഹി? ശൈഖവർകൾ അദ്ദേഹത്തോട് പറഞ്ഞു: "അതെ" അന്നേരം സേവകൻ ഉണർത്തി: "താങ്കളുടെ ആഗമനത്തെ സംബന്ധിച്ച് സയ്യിദുനാ(റ) വിവരമറിയിച്ചിരുന്നു. അനുമതി തേടാതെ തന്നെ താങ്കളെ പ്രവേശിപ്പിക്കാൻ അവിടുന്ന് സമ്മതം നൽകിയിട്ടുമുണ്ട്" അങ്ങനെ സേവകൻ ബഹുമാനപ്പെട്ടവരെ വീട്ടിലേക്ക് കടത്തി. അന്നേരം സയ്യിദുനാ(റ)വിന്റ സാന്നിധ്യം കൊണ്ട് വിജയം കൈവരിച്ച സയ്യിദീ മുഹമ്മദ് അൽ മിഷ്‌രി(റ), സയ്യിദീ മുഹമ്മദ് അൽ ഗാലി(റ) അടങ്ങുന്ന മറ്റ് പല പ്രമുഖരെയും പ്രസ്തുത ഭവനത്തിൽ വെച്ച് ശൈഖ്(റ) കണ്ടുമുട്ടി. തുടർന്ന് ഒരു കോപ്പ പാൽ മഹാനവർകൾക്ക് മുന്നിലെത്തി. അത് മുഴുവനും ശൈഖ്(റ) കുടിക്കുകയും ചെയ്തു. അനന്തരം അഭിവന്ദ്യരായ ശൈഖ് തിജാനി(റ) തന്റെ ഏകാന്തമുറിയിൽ നിന്ന് പുറത്ത് വന്നു. ശൈഖ് റിയാഹി(റ)വിന്റെ ഉപചാരങ്ങൾ സ്വീകരിച്ച ശേഷം സയ്യിദുനാ(റ) മഹാനവർകളുടെ ആത്മീയഗുരുവര്യരായ ശൈഖ് സ്വാലിഹ് അൽ കവാഷി(റ)വിന്റെ മരണവൃത്താന്തം അറിയിച്ചു. മാത്രമല്ല താൻ അവരുടെ ജനാസയിലാണ് ഉണ്ടായിരുന്നതെന്നും സയ്യിദുനാ(റ) വ്യക്തമാക്കുകയുണ്ടായി. അന്നത്തെ ദിനം ഹിജ്റഃ 1218 ശവ്വാൽ 17 തിങ്കളാഴ്ചയായിരുന്നു. അത്ഭുത മാർഗ്ഗത്തിലൂടെയായിരുന്നു ഖുത്വബുൽ മക്തൂം(റ) ശൈഖ് സ്വലാഹ് അൽ കവ്വാഷ്(റ)വിന്റെ ജനാസയിൽ പങ്കെടുത്തത്. കാരണം ഒന്നാമൻ ഫാസ് നഗരത്തിലും മറ്റെയാൾ തുനൂസിലുമാണ് ഉണ്ടായിരുന്നത്"

# സമാപ്തം

നിശ്ചയം, ഞാനെന്റെ ശരീരത്തെയും എന്റെ സഹോദരങ്ങളെയും ഉപദേശിക്കുന്നു. പരിശുദ്ധ ഗ്രന്ഥവും തിരുസുന്നത്തുമനുസരിച്ചുള്ള കൃത്യനിഷ്ഠ ബാഹ്യമായും ആന്തരികമായും കൈവരിക്കണം. മതവിജ്ഞാനങ്ങളിൽ വ്യാപൃതരാവുകയും തദനുസാരം പ്രവർത്തിക്കുകയും വേണം. വിശിഷ്യാ അല്ലാഹുവിലേക്കുള്ള യാത്രയിലെ മര്യാദകളുമായി പ്രത്യേകമാക്കപ്പെട്ടവ. പരിശുദ്ധ ഖുർആനിൽ നിന്നും സൗകര്യപ്പെടുന്നത്ര പാരായണം ചെയ്യണം. സാധിക്കുന്നവരെല്ലാം ഏറ്റവും ചുരുങ്ങിയത് ദിനംപ്രതി രണ്ട് ഹിസ്ബ് എങ്കിലും ഓതുവാനായി സയ്യിദുനാ(റ) പ്രേരണ നൽകിയിട്ടുണ്ട്. നമുക്കും നമ്മുടെ രക്ഷിതാവിനും ഇടയിലും നമുക്കും നമ്മുടെ ശരീരത്തിന്റെ ഇടയിലും നമുക്കും നമ്മുടെ സഹോദരങ്ങളുടെ ഇടയിലും സദ്പെരുമാറ്റം കൊണ്ടായിരിക്കണം വർത്തിക്കേണ്ടത്. നിശ്ചയം, സഹോദരങ്ങളെ ദ്രോഹിക്കൽ തിരുനബി സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങളോടുള്ള ഉപദ്രവമാണ്. അല്ലാഹു(സു)വിനെ തൊട്ടും മുത്തുനബി സ്വല്ലല്ലാഹു അലൈഹി വ സല്ലമ തങ്ങളെ തൊട്ടും സയ്യിദുനാ(റ) തൊട്ടും നമ്മുടെ ബന്ധത്തെ വിച്ഛേദിപ്പിക്കുന്ന കാര്യങ്ങളാൽ നമ്മെ ക്ലേശപ്പെടുത്തുന്നവയെ തൊട്ട് നാം ബദ്ധശ്രദ്ധരാവേണ്ടതുണ്ട്. പ്രത്യേകിച്ച് മതപരിത്യാഗത്തിലേക്ക് എത്തിക്കുമോ എന്നതിൽ അഭിപ്രായവ്യത്യാസമുള്ള വിഷയങ്ങളെയും അപ്രകാരം തന്നെ വൻദോഷങ്ങളെയും സൂക്ഷിക്കണം. എല്ലാത്തിനുമുപരി ദുർമരണത്തിലേക്ക് വഴിതെളിക്കുന്നവയിൽ നിന്നുണ്ടാവുന്നവയെ കൂടുതൽ ശ്രദ്ധിക്കണം. അല്ലാഹു കാത്തുരക്ഷിക്കുമാറാകട്ടെ. അത്യുന്നതനായ അല്ലാഹുവിന്റെ ഔലിയാക്കളോട് ശത്രുത പുലർത്തൽ, പലിശ, മാതാപിതാക്കളോടുള്ള ധിക്കാരം, നിരന്തരവ്യഭിചാരം പോലെയുള്ളവ മുതൽ ഈ വിഷയത്തിലേക്ക് വ്യക്തമാക്കപ്പെട്ട മുഴുവൻ കാര്യങ്ങളെയും സർവ്വ നിഷിദ്ധങ്ങളെയും നാം സൂക്ഷിക്കുക.

തിജാനിയ്യഃ ത്വരീഖത് സ്വീകരിച്ച ശേഷം അതിനെ ഉപേക്ഷിക്കുന്നവൻ കുറ്റക്കാരനായാണ് ഗണിക്കപ്പെടുക എന്നത് പ്രസിദ്ധമായൊരു വസ്തുതയാണ്. കാരണം അതിന്റെ ഔറാദുകളെല്ലാം തന്നെ നേർച്ചയാക്കപ്പെട്ടവയാണല്ലോ. നേർച്ച വീട്ടാതിരിക്കലാകട്ടെ ഹറാമാണ് താനും. ആത്മീയപ്രയാണത്തിനും പ്രവേശനത്തിനും വിഘ്നാതമുണ്ടാക്കുന്നവരുമായുള്ള സഹവർത്തിത്വത്തെ നമുക്കുപേക്ഷിക്കാം. കാരണം പരിശുദ്ധവാനും പരമസത്യവാനുമായ അല്ലാഹു(സു)വിനെ ലക്ഷ്യമാക്കുന്നവർ മാത്രമാണ് നാം. അത്കൊണ്ട് തന്നെ ഇഹലോകത്ത് നിന്നും പ്രബലമഹത്വവാനായ അല്ലാഹുവിലേക്കുള്ള യാത്രയെ നാം തീരുമാനിച്ചുറപ്പിച്ചവരാണ്.

പരിശുദ്ധവാനായ അല്ലാഹുവിനോട്, നമ്മെ എല്ലാവരെയും അവന്റെ വിശിഷ്ട സന്നിധാനത്തിലെ ശക്തനായ അധികാരിയുടെ അടുത്തുള്ള സത്യത്തിന്റെ ഇരിപ്പിടത്തിൽ സംഗമിപ്പിക്കാനും, നമ്മെയും നിങ്ങളെയും എക്കാലത്തും ഏറ്റെടുക്കാനും, നമ്മുടെയും നിങ്ങളുടെയും അന്ത്യം നന്നാക്കിത്തരുവാനും നാം പ്രാർത്ഥിക്കുന്നു... ആമീൻ.

**അൽ.ആരിഫുബില്ലാഹ്**
**ശൈഖുൽ.മുഹദ്ദിസ് സയ്യിദീ ഷരീഫ്**
**മുഹമ്മദ് ഹാഫിള് തിജാനി അൽ.മിസ്‌രി(റ)**



## അൽ.ആരിഫുബില്ലാഹ്
## ശൈഖുൽ മുഹദ്ദിസ് സയ്യിദീ ഷരീഫ്
## മുഹമ്മദ് ഹാഫിലു് തിജാനി അൽ.മിസ്്രി(റ)

കേരളീയ മുസ്ലിം ജനസമൂഹത്തിന് ചിരപരിചിതനായ ശൈഖ് ഷരീഫ് മുഹമ്മദ് അലവി മാലികി(റ) അടങ്ങുന്ന അറേബ്യൻ പണ്ഡിതരുടെയും അഹ്ലുസ്സുന്നത്തിനായി ജീവിതം സമർപ്പിക്കുന്ന ഇന്നത്തെ നിരവധി മഹാരഥന്മാരായ ഉലമാക്കളുടെയും ഗുരുവര്യരാണ് മൂലകൃതിയുടെ രചയിതാവായ ശൈഖുൽ മുഹദ്ദിസ് അല്ലാമഃ ഷരീഫ് സയ്യിദീ മുഹമ്മദ് ഹാഫിലു് തിജാനി അൽ മിസ്്രി(റ). ഈജിപ്തിലെ ഹദീസ് പണ്ഡിതനായി അറിയപ്പെട്ട ഈ പുണ്യാത്മാവ് നിരവധി ഗ്രന്ഥങ്ങളുടെ ഉടമ കൂടിയാണ്. സ്വന്തമായി ഒരു സ്വൂഫീ മാസിക പുറത്തിക്കിയിരുന്ന ശൈഖവർകൾ ആഗോളതലത്തിലുള്ള പുത്തൻവാദികൾക്കെതിരെ ശക്തമായി ജിഹ്വയും തൂലികയും ചലിപ്പിച്ചവരായിരുന്നു. പരിശുദ്ധ തിജാനിയ്യയുടെയും അഹ്ലുസ്സുന്നത്തിന്റെയും വാദഗതികളെ ലളിതമായ രീതിയിൽ സമർത്ഥിക്കാനുള്ള ഒരു പ്രത്യക കഴിവ് തന്നെ മഹാത്മാവിനുണ്ട്. അത്തരമൊരു കൃതിയുടെ ആശംയാംശ വിവർത്തനമാണ് ഈ മഹത്തായ ഗ്രന്ഥം. വളരെ ചുരുങ്ങിയ പുറങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളതെങ്കിലും നിരവധി വിഷയങ്ങൾ ഇതിലൊളിഞ്ഞ് കിടപ്പുണ്ട്. തിജാനിയ്യത്തിന്റെ പല വെബ്സൈറ്റുകളും ഈ ഗ്രന്ഥത്തെയാണ് തങ്ങളുടെ ലക്ഷ്യനിർവ്വഹണത്തിനായി പ്രയോജനപ്പെടുത്തിയിട്ടുള്ളത്. തിജാനികൾക്ക് വളരെ ഉപകാര പ്രദമായി ഈ ഗ്രന്ഥം മാറുമന്നതിന് യാതൊരു സംശയവുമില്ല.